I ഇ.ബി. XII-കേരള നിയമസഭ /V-13

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**
**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2007 ജൂലായ് 11, ബുധൻ

നിയമസഭ രാവിലെ 8.30- ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## ശ്രദ്ധക്ഷണിക്കൽ

### (1) പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ

**ശ്രീ. സി.പി. മുഹമ്മദ്**: കേരളത്തിന്റേയും ഇൻഡ്യയുടേയും സമ്പദ്വ്യവസ്ഥയ്ക്ക് നിർണ്ണായകമായ സംഭാവന നൽകുന്നവരാണ് പ്രവാസി മലയാളികൾ. വിദേശങ്ങളിലെ ലേബർ ക്യാമ്പുകളിൽ ജോലി സ്ഥിരതയോ മാന്യമായ ശമ്പളമോ ലഭിക്കാത്ത മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെടുന്ന പ്രവാസി മലയാളികളെ രക്ഷിക്കുന്നതിന് ബന്ധപ്പെട്ട രാജ്യങ്ങളിലെ ഗവൺമെന്റുമായി ഇൻഡ്യൻ എമ്പസികളും നോർക്കയും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളും ചർച്ച നടത്തണം. വധശിക്ഷയടക്കം ഗുരുതരമായ ശിക്ഷകൾക്ക് വിധിക്കപ്പെട്ട മലയാളികളെ രക്ഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. വീട്ടുജോലിക്കെന്നു പറഞ്ഞ് കേരളത്തിൽനിന്ന് കൊണ്ടുപോകുന്ന സ്ത്രീകളുടെയും നഴ്സുമാരുടെയും ദുരിതങ്ങൾക്ക് പരിഹാരമുണ്ടാക്കണം. ഒമാനിലുണ്ടായ ചുഴലിക്കാറ്റുപോലെ വിദേശങ്ങളിൽ

വച്ചുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളിൽ മരിക്കുന്നവരുടെ ആശ്രിതർക്ക് ധനസഹായം നൽകണം. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് നിരക്ക് നിശ്ചയിച്ചപ്പോഴുണ്ടായ വിവേചനം അവസാനിപ്പിക്കണം. വിമാന യാത്രക്കൂലിയിനത്തിൽ കൊള്ളയടിക്കുന്ന വിമാന കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കണം. കേരള എയർലൈൻസ് പദ്ധതി യാഥാർത്ഥ്യമാക്കണം. വിദേശത്ത് തൊഴിൽ നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാനും രജിസ്ട്രേഷൻ നിയമത്തിലെ അപാകതകൾ പരിഹരിക്കാനും ഗൾഫിൽ നിന്ന് തിരിച്ചെത്തുന്ന സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന മലയാളികൾക്ക് പെൻഷൻ അനുവദിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

**മുഖ്യമന്ത്രി (ശ്രീ. വി.എസ്.അച്ചുതാനന്ദൻ):** പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാരും ബന്ധപ്പെട്ട എമ്പസ്സികളും കേന്ദ്ര സർക്കാരിന്റെ പ്രവാസികാര്യ വകുപ്പും ഏകോപിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് നടത്തുന്നത്. തൊഴിൽപരമായ അരക്ഷിതാവസ്ഥ പരിഹരിക്കുന്നതിന് യു.എ.ഇ.യിലെ തൊഴിൽ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തൊഴിൽ സുരക്ഷയ്ക്കായി തൊഴിൽ നിയമങ്ങൾ പരിഷ്ക്കരിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. റിക്രൂട്ടിംഗ് ഏജൻസികളാൽ വഞ്ചിതരാകുന്നത് ഒഴിവാക്കാൻ വിദേശത്ത് തൊഴിലാളികളെ അയയ്ക്കുന്നതിന് ലൈസൻസ് നേടിയിട്ടുള്ള നോർക്ക-റൂട്ട്സ് എന്ന സ്ഥാപനം. നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിദേശത്ത് തൊഴിലന്വേഷകർക്ക് തൊഴിൽ നിയമങ്ങളെക്കുറിച്ചും വിദേശ ചുറ്റുപാടുകൾ, ഭാഷ എന്നിവയെക്കുറിച്ച് വിജ്ഞാനം നൽകുന്നതിനുംവേണ്ടി ഒരു പരിശീലന പരിപാടി നോർക്ക-റൂട്ട്സിന്റെ മേൽനോട്ടത്തിൽ നടത്തിവരുന്നുണ്ട്.

പ്രവാസി മലയാളികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് അവധിക്കാലത്തും വിശേഷ ദിവസങ്ങളിലും കൂടുതൽ വിമാന സർവ്വീസ് ഏർപ്പെടുത്തുവാൻ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ എയർലൈൻസ് കൂടുതൽ സർവ്വീസ് നടത്തണമെന്ന് ആവശ്യപ്പെടുകയും വിദേശ രാജ്യങ്ങളിലേയും യു.എ.ഇ.യിലേയും വിമാന കമ്പനികൾ കേരളത്തിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രകൃതിക്ഷോഭങ്ങൾക്കിരയാകുന്ന പ്രവാസികളെ സഹായിക്കാൻ സർക്കാരും ഇൻഡ്യൻ എമ്പസിയും സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്. ഗൾഫ് നാടുകളിൽ ശിക്ഷിക്കപ്പെട്ട് ജയിലുകളിൽ കഴിയുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അതാത് ഇൻഡ്യൻ എമ്പസ്സികളുമായി നിരന്തരം ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നുണ്ട്. യു.എ.ഇ., കുവൈറ്റ് എന്നീ രാജ്യങ്ങൾ പ്രഖ്യാപിച്ചിട്ടുള്ള പൊതുമാപ്പിനെത്തുടർന്ന് തിരിച്ചുവരാനും അവിടെ തുടരാനും ആഗ്രഹിക്കുന്നവരെ സഹായിക്കാനായി രണ്ട് ഉദ്യോഗസ്ഥരെ യു.എ.ഇ.യിലേക്ക് അയയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. വീട്ടുജോലിക്ക് വിദേശത്ത് എത്തപ്പെട്ട് വഞ്ചിക്കപ്പെടുന്ന സ്ത്രീകളെ നാട്ടിലെത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പോലീസ് ആസ്ഥാനത്ത് പോലീസ് സൂപ്രണ്ടിന്റെ ചുമതലയിൽ ഒരു എൻ.ആർ.ഐ. സെൽ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

## (2) ജലനയം രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

**ശ്രീ. എം. പ്രകാശൻ മാസ്റ്റർ**: സംസ്ഥാനത്ത് ജലത്തിന്റെ സംരക്ഷണവും വിനിയോഗവും വിതരണവും ദീർഘകാലാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യാൻ സാധിക്കത്തക്ക നിലയിലുള്ള ഒരു ജലനയം അടിയന്തിരമായി രൂപീകരിക്കണം. കേരളം ഇന്ന് ജലദൗർലഭ്യമുള്ള സംസ്ഥാനമായി മാറിയിരിക്കുകയാണ്. സംസ്ഥാനത്തെ 70 ശതമാനം ആളുകളും കുടിവെള്ളത്തിന് ആശ്രയിക്കുന്നത് കിണറുകളെയാണ്. 90 ശതമാനം കിണറുകളിലെ ജലവും ഗുണമേന്മ കുറഞ്ഞതാണ്. കേരളത്തിലെ പാടശേഖരങ്ങൾക്കും തോട്ടങ്ങൾക്കും ആവശ്യമായ ജലസേചന സൗകര്യം ഉറപ്പുവരുത്തണം. തീരദേശത്തുള്ള കരയിടിച്ചിൽ, ജലത്തിലുള്ള ലവണ സാന്ദ്രതയുടെ വർദ്ധനവ്, ഉപരിതല/ഭൂഗർഭ ജല മലിനീകരണം, ഭൂവിനിയോഗത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ, വ്യാപകമായിട്ടുള്ള നഗരവൽക്കരണം, അശാസ്ത്രീയമായ മണൽവാരൽ, വനനശീകരണം മുതലായ പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കണം. പാടശേഖരങ്ങളും കോൾനിലങ്ങളും ചതുപ്പുനിലങ്ങളുമെല്ലാം മണ്ണിട്ട് നികത്തുന്നതുമൂലം ഭൂഗർഭ ജലത്തിന്റെ അളവ് വളരെ കുറയുന്നു. കേരളത്തിൽ വ്യാപകമായി നടക്കുന്ന ജലചൂഷണം തടയണം. ശാസ്ത്രീയവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ ഒരു ജലനയം കേരളത്തിന് ആവശ്യമാണ്.

**ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ)**: ശാസ്ത്രീയവും ഫലപ്രദവുമായ ഒരു ജലവിഭവ മാനേജുമെന്റിന്റെ അഭാവം സംസ്ഥാനത്തിന്റെ ജലവിഭവ രംഗത്ത് രൂക്ഷമായ പ്രതിസന്ധികളും പ്രശ്നങ്ങളും സൃഷ്ടിക്കുന്നുവെന്ന് സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു

കുറ്റമറ്റ ജലനയം ആവിഷ്ക്കരിക്കാനാവശ്യമായ ചർച്ചകൾ കഴിഞ്ഞ ഒരു വർഷമായി നടത്തിക്കൊണ്ടിരിക്കുകയാണ്.. 1992-ൽ പ്രഖ്യാപിച്ച സംസ്ഥാന ജലനയം 2002-ൽ പ്രഖ്യാപിച്ച ദേശീയ ജലനയത്തിന് പൂരകമായി പരി ഷ്ക്കരിക്കുവാൻ നിയോഗിച്ച വിദഗ്ദ്ധ സമിതി സമർപ്പിച്ച കരട് റിപ്പോർട്ട് തിരുവനന്തപുരത്ത് വിളിച്ചുചേർത്ത ശിൽപ്പശാലയിൽ വിപുലമായി ചർച്ച ചെയ്യുകയും പ്രസ്തുത കരട് ജലനയം പരിശോധിച്ച് നവീകരിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പരിഷ്ക്കരിക്കപ്പെട്ട ജലനയം ഈ വർഷം തന്നെ നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്.

## സബ്മിഷൻ

(1) **<u>മൂന്നാറിലെ ധന്യശ്രീ യാത്രി നിവാസ് ഹോട്ടൽ പൊളിച്ചുനീക്കൽ</u>**

**<u>ശ്രീ. വി.ഡി. സതീശൻ:</u>** മൂന്നാറിലെ ധന്യശ്രീ യാത്രി നിവാസ് ഹോട്ടൽ പൊളിച്ചുനീക്കുന്നതിനുപകരം സീൽ ചെയ്ത് സൂക്ഷിക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നു. മറ്റാർക്കും കൊടുക്കാത്ത ഒരു ആനുകൂല്യം ധന്യശ്രീ ഹോട്ടലിന് നൽകിയതിനെക്കുറിച്ച് വ്യക്തമാക്കണം. .

**റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u>** അനധികൃത നിർമ്മാണങ്ങൾക്കും ഭൂമി കയ്യേറ്റങ്ങൾക്കുമെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്ന പ്രഖ്യാപിത നയമാണ് ഗവൺമെന്റിനുള്ളത്. ധന്യശ്രീ യാത്രി നിവാസ് ഹോട്ടൽ കയ്യേറ്റഭൂമിയിലാണ് സ്ഥിതി ചെയ്യുന്നത്. നിയമവിരുദ്ധമായ പട്ടയങ്ങൾ റദ്ദാക്കി കെട്ടിടം പൊളിച്ചുനീക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. . അനധികൃത കെട്ടിടം പൊളിച്ചുനീക്കുന്നതിനുള്ള ചെലവ് ഉടമയിൽ നിന്ന് ഈടാക്കുന്നതാണ്.

## (2) <u>അൽബേനിയൻ ചരക്കുകപ്പൽ കൊച്ചി തുറമുഖത്ത് മുങ്ങിയതു മൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ</u>

**<u>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്</u>**: കൊച്ചി തുറമുഖത്ത് മുങ്ങിയ അൽബേനിയൻ ചരക്കു കപ്പലിലുണ്ടായിരുന്ന ഇരുമ്പയിരും ഓയിലും മറ്റു വസ്തുക്കളും കടലിൽ കലർന്ന് പാരിസ്ഥിതിക പ്രശ്ങ്ങൾ ഉണ്ടാകാതിരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം.

**മുഖ്യമന്ത്രി (<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u>:** 30-06-2007-ന് കൊച്ചി ഔട്ടർ നാവിഗേഷൻ ചാനലിൽ എം.ഇ. മരിയ എന്ന അൽബേനിയൻ ചരക്കു കപ്പൽ മുങ്ങിയതറിഞ്ഞ് കൊച്ചി പോർട്ട് ട്രസ്റ്റ് അപകടത്തിൽപ്പെട്ട കപ്പലിലെ 15 ജീവനക്കാരെ രക്ഷപ്പെടുത്തി. കപ്പലിൽ ലോറികളും ഇരുമ്പയിരും ഓയിലുകളുമുള്ളതായാണ് അറിയുന്നത്. പരിസ്ഥിതി മലിനീകരണം ഉണ്ടാവാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുങ്ങിയ കപ്പൽ പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## (3) <u>കടൽ കയറുന്ന തീരങ്ങളിൽ പുലിമുട്ട്</u>

**<u>ശ്രീ. എ.എ. അസീസ്</u>**: ഇരവിപുരം പ്രദേശത്ത് കടലാക്രമണത്തിനിരയായ നൂറിലധികം ആളുകളെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ അടിയന്തിരമായി പുലിമുട്ടുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

**ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ)</u>:** പരവൂർ-പൊഴീക്കര മുതൽ ഏതാണ്ട് മുണ്ടക്കൽ ബീച്ച് വരെ 9 പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് 9.75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## (4) **<u>ഏകദിന വിദ്യാർത്ഥി കണക്കെടുപ്പ്</u>**

**<u>ശ്രീ. യു.സി. രാമൻ</u>** : കോഴിക്കോട്-എറണാകുളം ജില്ലകളിൽ 10-7-2007-ന് നടന്ന ഏകദിന വിദ്യാർത്ഥി കണക്കെടുപ്പിൽ സ്വകാര്യ ബസ് പണിമുടക്കുമൂലം കുറേ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാൻ സാധിച്ചില്ല. അതുകൊണ്ട് ഒരിക്കൽകൂടി ഈ പരിശോധന നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

**വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ.എം.എ. ബേബി)</u>**: സ്വകാര്യ ബസ് പണിമുടക്കുമൂലം എറണാകുളം, കോഴിക്കോട് ജില്ലകളിൽ കുറച്ചു വിദ്യാർത്ഥികൾക്ക് ഇന്നലെ നടന്ന ഏകദിന പരിശോധനയിൽ പങ്കെടുക്കാൻ കഴിയാത്ത സാഹചര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തക്കതായ കാരണത്താൽ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാൻ കഴിയാതിരുന്ന സാഹചര്യം രേഖാമൂലം അറിയിച്ചാൽ അക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (5) **<u>പി.വി.ഐ.പി.യുടെ പെരുമാത്രി എഫ്.സി. കനാൽ</u>**

**<u>ശ്രീ. സാജുപോൾ</u>**: പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിൽപ്പെട്ട പെരുമാത്രി ഫീൾഡ് ചാനൽ കമ്മീഷൻ ചെയ്യാനും പെരിയാർ ഇറിഗേഷൻ പ്രോജക്ടിന്റെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കാനും നടപടി സ്വീകരിക്കണം.

**ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ)</u>**: പെരുമാത്രി മൈനർ ഡിസ്ട്രിബ്യൂട്ടറിയുടെ 1.95 കിലോമീറ്ററിൽ നിന്നാണ് പെരുമാത്രി ഫീൽഡ് ചാനൽ തുടങ്ങുന്നത്. ഈ ഫീൽഡ് ചാനലിൽ ആറ് സ്പൗട്ടുകളാണുള്ളത്. ആദ്യത്തെ 1.75 കിലോമീറ്റർ മെയിന്റനൻസ്

ചെയ്താൽ 5 സ്പൗട്ടുകളിൽ വെള്ളം എത്തിക്കാൻ സാധിക്കും. 2007-ലെ ആക്ഷൻ പ്ളാനിൽ 1.75 കിലോമീറ്റർവരെയുള്ള ഭാഗത്ത് പ്രത്യേക അറ്റകുറ്റപ്പണികൾ നടത്താൻ 3 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

**(6) <u>രാത്രികാല പോലീസ് പട്രോളിംഗ്</u>**

**<u>ശ്രീ. എം. മുരളി</u>**: രാത്രികാല വാഹന മോഷണങ്ങളും പിടിച്ചുപറിയും വർദ്ധിച്ചിരിക്കുന്ന മവേലിക്കരയിൽ പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തുകയും ഒരു പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് വാഹനങ്ങൾ പൊളിച്ചുവിൽക്കുന്ന കേന്ദ്രങ്ങൾ റെയ്ഡ് ചെയ്യാൻ നടപടി സ്വീകരിക്കുകയും ചെയ്യണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>:** പോലീസിന്റെ ശക്തമായ ഇടപെടലിലൂടെ അന്തർ സംസ്ഥാന വാഹന മോഷണ കേസ്സുകൾ കുറെയേറെ തെളിയിക്കാൻ സാധിച്ചിട്ടുണ്ട്. മാവേലിക്കരയിൽ നടന്ന വാഹന മോഷണ കേസ്സുകളിന്മേൽ അന്വേഷണം നടന്നുവരുന്നു. മാവേലിക്കര സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സ്ക്വാഡ് രൂപീകരിക്കുകയും രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**(7) <u>വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം</u>**

**<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>**: ജൂലൈ 15 മുതൽ ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിക്കില്ലെന്ന് സ്വകാര്യ ബസ് ഉടമകൾ പ്രഖ്യാപിച്ചിരിക്കുകയാണ്. വിദ്യാർത്ഥികൾക്ക് നിലവിലുള്ള സൗജന്യ യാത്രാ സൗകര്യം തുടരുന്നതിനും വിദ്യാർത്ഥി സംഘർഷത്തിന്റെ

പേരിൽ ബസ് ഉടമകൾ നടത്തുന്ന പണിമുടക്കിനെ നേരിടുന്നതിനും നടപടി സ്വീകരിക്കണം.

**ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്):** ജൂലൈ 15-ാം തീയതി മുതൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിക്കില്ലെന്ന സ്വകാര്യ ബസ് ഉടമകളുടെ ഏകപക്ഷീയ തീരുമാനം സർക്കാർ അംഗീകരിക്കില്ല. പ്രശ്നം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെയും വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ നാളെ ബസ് ഉടമാ സംഘടനകളുമായി ചർച്ച നടത്തും.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):** ഈ പ്രശ്നത്തോടനുബന്ധിച്ച് സ്വകാര്യ ബസ്സ് ഉടമകളുടെ സംഘടനകൾ പ്രവർത്തിക്കുന്ന ഓഫീസ് കെട്ടിടങ്ങൾക്കുനേരെ ആക്രമണം ഉണ്ടായിട്ടുണ്ട്. ഇത്തരം ആക്രമണങ്ങൾക്ക് എതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

### (8) കർഷകത്തൊഴിലാളി ക്ഷേമനിധി

**ശ്രീ. ബി. രാഘവൻ:** കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ കൃത്യമായി നൽകുന്നതിനും ഉടമാ വിഹിതം കൃത്യമായി പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

**തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ):** കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. 31.5.2007 വരെ ലഭിച്ച അപേക്ഷകളിന്മേൽ 95,03,83,500 രൂപ കുടിശ്ശിക ഇനത്തിൽ കൊടുക്കാനുണ്ട്. തൊഴിലാളികളുടെ അംശദായവും ഭൂ ഉടമാ വിഹിതവും പിരിച്ചെടുത്ത്

സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ ബോർഡ് നടത്തിവരുന്നു. 50 ലക്ഷം രൂപ ബോർഡിന്റെ പ്രവർത്തനത്തിനായും 3 കോടി രൂപ പ്രത്യേക ധന സഹായമായും ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കമ്പ്യൂട്ടറൈസേഷൻവഴി ഭരണച്ചെലവ് കുറയ്ക്കുന്നതിനും സേവനം മെച്ചപ്പെടുത്തുന്നതിനും ബോർഡ് ശ്രമിക്കുന്നതാണ്.

**(9) <u>ശ്രീജിത്തിന്റെ മരണം</u>**

**<u>ശ്രീ. വർക്കല കഹാർ</u>:** നേത്ര ചികിൽസയ്ക്കായി തിരുവനന്തപുരം ചൈതന്യ ആശുപത്രിയിൽ എത്തിയ ജോണിപിള്ളയുടെ മകൻ ശ്രീജിത്ത് അനസ്തേഷ്യ നൽകിയതിലെ പിഴവുമൂലം മരണപ്പെട്ട സംഭവത്തെപ്പറ്റി അന്വേഷണം നടത്തണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>:** വർക്കല പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പനയറ തെക്കേപാലവിള വീട്ടിൽ ജോണിപ്പിള്ളയുടെ മകൻ മൂന്നര വയസ്സുള്ള ശ്രീജിത്ത് കേശവദാസപുരത്തുള്ള ചൈതന്യ ഹോസ്പിറ്റലിൽ കണ്ണിന് ചികിൽസ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. 4-7-07-ന് ഓപ്പറേഷനായി രാവിലെ 10 മണിക്ക് അനസ്തേഷ്യ കൊടുത്തതിനെത്തുടർന്ന് കുട്ടിയുടെ നില മോശമാവുകയും പീഡിയാട്രിക് ചികിൽസയ്ക്കായി എസ്.യു.ടി. ആശുപത്രിയിൽ വെന്റിലേറ്ററിൽ പ്രവേശിപ്പിക്കുകയും 5-7-07-ന് കുട്ടി മരണപ്പെടുകയും ചെയ്തു. വിവരമറിഞ്ഞെത്തിയ മെഡിക്കൽ കോളേജ് പോലീസ് സബ് ഇൻസ്പെക്ടർ കുട്ടിയുടെ പിതാവിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. മൃതദേഹം

പോസ്റ്റ്മോർട്ടം നടത്തിയെങ്കിലും വിശദമായ പരിശോധന നടത്തിയാൽ മാത്രമേ മരണവിവരം വ്യക്തമാകുകയുള്ളൂ. കേസ്സിന്റെ അന്വേഷണം ശംഖുമുഖം അസിസ്റ്റന്റ് പോലീസ് കമ്മിഷണർ നടത്തിക്കൊണ്ടിരിക്കുന്നു. വസ്തുനിഷ്ഠമായ അന്വേഷണം നടത്തുന്നതിനും കുട്ടിയെ ചികിൽസിച്ച ഡോക്ടർമാരുടെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് കണ്ടുപിടിക്കുന്നതിനും സമഗ്രമായ അന്വേഷണം നടത്താൻ നിർദ്ദേശം കൊടുക്കുന്നതാണ്.

### (10) <u>എഫ്.എ.സി.ടി. നേരിടുന്ന പ്രതിസന്ധി.</u>

**<u>ശ്രീ. എ.എം. യൂസഫ്</u>**: സൾഫർ, റോക്ക്, ഫർണസ് ഓയിൽ, നാഫ്ത എന്നിവയിലുണ്ടായ വിലവർദ്ധനവു കാരണം പ്രതിസന്ധിയിലായി ഇപ്പോൾ അടഞ്ഞുകിടക്കുന്ന ഫാക്ടിനെ രക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

**വ്യവസായ വകുപ്പുമന്ത്രി <u>(ശ്രീ. എളമരം കരീം)</u>**: അന്താരാഷ്ട്ര മാർക്കറ്റിൽ സൾഫറിന്റെ വില വർദ്ധിച്ചതും ഫാക്ടംഫോസിനെ പ്രൈസ് കൺസഷൻ പദ്ധതിയിൽപ്പെടുത്തി സൾഫറിന്റെ വിലയിലുണ്ടായ നഷ്ടം പരിഹരിക്കാത്തതിനാലും സൾഫറിന്റെ വിലവർദ്ധനവിന്റെ ഫലം അമോണിയം സൾഫേറ്റ്, കാപ്രോലാക്ടം മുതലായ ഉൽപ്പന്നങ്ങളുടെ മേൽ വരുത്താൻ കഴിയാത്തതിനാലുമാണ് എഫ്.എ.സി.ടി.. നഷ്ടത്തിലായിട്ടുള്ളത്. പ്ളാന്റുകളുടെ പ്രവർത്തനം ക്രമപ്പെടുത്തി. സൾഫ്യൂറിക് ആസിഡിന്റെ പ്രവർത്തനശേഷി ഗണ്യമായി കുറച്ചതിന്റെ ഫലമായി കൂട്ടുവളങ്ങളുടെ ഉൽപ്പാദനം ഉറപ്പുവരുത്താനും ഇന്നത്തെ അവസ്ഥയിൽ കമ്പനിയുടെ നഷ്ടം ഒരു പരിധി വരെ കുറയ്ക്കാനും കഴിയും. 2006-07 മുതൽ താരിഫ്

കമ്മിഷന്റെ പ്രവർത്തനഫലമായുണ്ടായ രൂപാന്തര ചെലവ് ആവറേജ് ചെലവിന് പകരം പ്രൈസ് കൺസെഷൻ നല്കണമെന്നും എൽ.എൻ.ജി. ലഭ്യത ഉറപ്പാക്കണമെന്നും കേന്ദ്രസർക്കാരിനോട് കമ്പനി ആവശ്യപ്പെട്ടിട്ടുണ്ട്. എൽ.എൻ.ജി ലഭ്യമാകുന്നതുവരെ നാഫ്തയുടെ വില എൽ.എൻ.ജി.-ക്ക് തുല്യമാക്കണമെന്നും സൾഫർ അടങ്ങിയ വളങ്ങൾക്ക് സബ്സിഡി അനുവദിക്കണമെന്നും സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഫാക്ടിന്റെ പ്രതിസന്ധിക്ക് പരിഹാരം കാണാൻ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് കഴിയാവുന്നതെല്ലാം ചെയ്യുന്നതാണ്.

### (11) <u>ഹോട്ടൽ വ്യവസായമേഖല നേരിടുന്ന പ്രതിസന്ധി.</u>

<u>ശ്രീ. കെ. ബാബു:</u> 25 ലക്ഷം രൂപ വിറ്റുവരവുള്ള ഹോട്ടൽ വ്യവസായികളെ വാറ്റ്-ൽ നിന്ന് ഒഴിവാക്കുക, വർദ്ധിപ്പിച്ച ലക്ഷ്വറി ടാക്സ് പിൻവലിക്കുക, ഹോട്ടലുകളെ ചെറുകിട വ്യവസായമായി അംഗീകരിക്കുക, അമിതമായ വൈദ്യുതി ചാർജ്ജ് പിൻവലിക്കുക, പി.എഫ്.എ. ലൈസൻസ് ഫീ, മലിനീകരണ ലൈസൻസ് ഫീ എന്നിവ കുറയ്ക്കുക, അമിതമായ കെട്ടിട നികുതി പിൻവലിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരളാ ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് പ്രതിഷേധ റാലിയും സെക്രട്ടേറിയറ്റ് ധർണ്ണയും നടത്തുകയുണ്ടായി. ഹോസ്പിറ്റാലിറ്റി ബിസിനസ് കൂടുതൽ പ്രോൽസാഹിപ്പിക്കുന്ന സാഹചര്യത്തിൽ ഹോട്ടൽ വ്യവസായികൾ നേരിടുന്ന പ്രതിസന്ധി അനുഭാവപൂർവ്വം പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

**ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്):** ഇന്നത്തെ സാമ്പത്തികസ്ഥിതിയിൽ ഈ ആവശ്യങ്ങൾ പരിഗണിക്കാൻ ബുദ്ധിമുട്ടാണ്. 10 ലക്ഷം ടേണോവറുള്ള ഹോട്ടലുകളെ നികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. ലക്ഷ്വറി ടാക്സിന്റെ പരിധി ഇത്തവണ വർദ്ധിപ്പിച്ചിട്ടുണ്ട്. ചെറുകിട വ്യവസായസ്ഥാപനമായി അംഗീകരിച്ച് എസ്.എസ്.ഐ യൂണിറ്റിന്റെ പരിധിയിൽ വരുന്ന യൂണിറ്റുകൾക്ക് സബ്സിഡി, മാർജിൻ മണി, വായ്പ, തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. പി.എഫ്.എ. ലൈസൻസ് ഫീ, മലിനീകരണ നിയന്ത്രണ ഫീ എന്നിവ വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇപ്പോൾ മരവിപ്പിച്ചിട്ടുണ്ട്. വായുനിയമപ്രകാരവും ജലനിയമപ്രകാരവും നിലവിലുണ്ടായിരുന്ന ഫീസ് ഏകീകരിച്ചതിന്റെ ഫലമായി 30 ലക്ഷത്തിൽ താഴെ മൂലധന നിക്ഷേപമുള്ള ഹോട്ടലുകളെയും റെസ്റ്റോറന്റുകളെയും ഫീസ് വർദ്ധനവിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും നിയന്ത്രിത വിലയ്ക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഹോട്ടലുകൾക്കും വാങ്ങാവുന്നതാണ്. അസൗകര്യങ്ങളും പ്രയാസങ്ങളും ഉണ്ടാകുന്നത് പരമാവധി ലഘൂകരിക്കുന്നതിന് സർക്കാർ ശ്രമിക്കുന്നതാണ്.

**(12) കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ ശോച്യാവസ്ഥ.**

**ശ്രീ. എൻ. അനിരുദ്ധൻ:** അറുപതോളം തൊഴിലാളികൾ പണിയെടുക്കുന്നതും ആദ്യകാലത്ത് ലാഭകരമായി പ്രവർത്തിച്ചിരുന്നതും ഇപ്പോൾ തുടർച്ചയായി നഷ്ടത്തിലാകുകയും ചെയ്ത കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിനെ പുനരുദ്ധരിക്കുന്നതിനുള്ള പഠന റിപ്പോർട്ട്

ഗവണ്മെന്റിന്റെ മുന്നിലുണ്ട്. എത്രയും വേഗം ഇതിനെ പുനരുദ്ധരിക്കുന്നതിനുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കണം.

**വ്യവസായ വകുപ്പുമന്ത്രി <u>(ശ്രീ. എളമരം കരീം)</u>:** സംസ്ഥാനത്തെ സഹകരണ സ്പിന്നിംഗ് മില്ലുകളുടെ സ്ഥിതിയെക്കുറിച്ച് പഠിച്ച കമ്മിറ്റിയുടെ ശുപാർശപ്രകാരം കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനായി 41.3 കോടി രൂപ ആവശ്യമാണ്. തുക കണ്ടെത്താനായി ധനകാര്യ സ്ഥാപനങ്ങളുമായും എൻ.സി.ഡി.സി.-യുമായും ചർച്ച നടത്തിവരുന്നു. മില്ലിന്റെ ഇപ്പോഴത്തെ പ്രവർത്തനവൈകല്യം പരിഹരിക്കുന്നതിന് കേരളാ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡ് സമർപ്പിച്ച ഹ്രസ്വകാല പദ്ധതി പരിഗണനയിലാണ്.

**(13) <u>ജോബ് ചിറ്റിലപ്പിള്ളി വധക്കേസ് അന്വേഷണം</u>**

**<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>:** ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ തുരുത്തിപ്പറമ്പ് വരപ്രസാദം പള്ളി വികാരി ഫാദർ ജോബ് ചിറ്റിലപ്പിള്ളി 2004 ആഗസ്റ്റ് മാസം കൊലചെയ്യപ്പെട്ടതു സംബന്ധിച്ച അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോയെന്നും അതുസംബന്ധിച്ച റിപ്പോർട്ടിന്റെ നിജസ്ഥിതി എന്താണെന്നും വ്യക്തമാക്കണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>:** ഫാദർ ജോബ് ചിറ്റിലപ്പിള്ളിയുടെ വധം സംബന്ധിച്ച കേസ് 31-7-2006-ന് സി.ബി.ഐ.-ക്ക് കൈമാറിയിട്ടുണ്ട്.

**(14) <u>വൈരക്കൽ വ്യവസായം നേരിടുന്ന പ്രതിസന്ധി.</u>**

**<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>:** അസംസ്കൃത വജ്രം ഇറക്കുമതി ചെയ്ത് സംസ്ക്കരിച്ച് കയറ്റുമതിയിലൂടെ രാജ്യത്തിന് വിദേശനാണ്യം

നേടിത്തരുന്ന വൈരക്കൽ വ്യവസായം മികച്ച മാനേജ്മെന്റിന്റെയും ആസൂത്രിതമായ കാഴ്ചപ്പാടില്ലാത്തതിന്റെയും ഫലമായി നശിക്കുകയാണ്. ഈ വ്യവസായത്തെ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കണം.

**വ്യവസായ വകുപ്പുമന്ത്രി** **(ശ്രീ. എളമരം കരീം.)**: ആധുനിക വൽക്കരണത്തിന്റെ അഭാവം, ഗുണമേന്മ നിർണ്ണയ സ്ഥാപനങ്ങളുടെ അഭാവം, വൈദഗ്ദ്ധ്യക്കുറവ്, പ്രവർത്തനമൂലധനം ലഭിക്കുന്നതിനുള്ള സാങ്കേതിക വിഷമങ്ങൾ എന്നിവയാണ് ഈ വ്യവസായത്തിന്റെ പുരോഗതിക്ക് വിഘാതമായി നിൽക്കുന്നത്. ഇതു പരിഹരിക്കുന്നതിന് കേന്ദ്ര സഹായത്തോടെ ക്ളസ്റ്റർ വികസനപദ്ധതികൾക്ക് തുടക്കമിടുകയും റാമെറ്റീരിയൽ ബാങ്ക് എന്ന കോമൺ മാർക്കറ്റിംഗ് സെന്റർ ആരംഭിക്കുകയും സ്വർണ്ണാഭരണ നിർമ്മാണ വ്യവസായശാലകളുടെ സഹകരണം ലക്ഷ്യമിടുകയും ചെയ്യുന്നു.

**(15) പിന്നോക്ക വിഭാഗക്കാർക്ക് ബിരുദാനന്തര കോഴ്സുകൾക്ക് സംവരണം.**

**ശ്രീ. പി.ടി.എ. റഹീം**: പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് ഏർപ്പെടുത്തിയ 20 ശതമാനം സംവരണ ഉത്തരവ് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

**വിദ്യാഭ്യാസവും സാംസക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി)**: ഈ ഉത്തരവ് നടപ്പാക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യത്തിൽ ഈ പ്രശ്നം പ്രായോഗികമായി പരിഹരിക്കാൻ പട്ടികസമുദായക്ഷേമ വകുപ്പിന്റെയും വിദ്യാഭാസ വകുപ്പിന്റെയും ബന്ധപ്പെട്ട മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും പങ്കെടുത്ത യോഗത്തിൽ ചില നിർദ്ദേശങ്ങൾ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ

പിന്നോക്കസമുദായക്ഷേമ സമിതി അദ്ധ്യക്ഷൻ, പ്രതിപക്ഷനേതാവ്, കക്ഷിനേതാക്കൾ എന്നിവരുൾപ്പെടെയുള്ളവരെ വിശ്വാസത്തിലെടുത്ത് താമസംവിനാ ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

### (16) കെ.എഫ്.സി.യിലെ നിയമവിരുദ്ധ നടപടികൾ

ശ്രീ. എം.എ വാഹീദ്: സേവന-വേതന വ്യവസ്ഥകൾ ലംഘിച്ച് പുതിയ നിയമനങ്ങളും പ്രൊമോഷനുകളും നൽകുകയും റൂൾസ് ലംഘിച്ച് ജീവനക്കാരെ സ്ഥലംമാറ്റുകയും ക്രമവിരുദ്ധമായി ലോണുകൾ അനുവദിക്കുകയും ചെയ്യുന്ന കെ.എഫ്.സി.യിലെ നിയമവിരുദ്ധ നടപടികൾ അവസാനിപ്പിക്കണം.

**ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്):** ആവശ്യമായ വിദ്യാഭ്യാസ യോഗ്യതകളും പ്രവർത്തന പരിചയവുമുള്ള ഓഫീസറെയാണ് കെ.എഫ്.സി. എം.ഡി.യായി നിയോഗിച്ചിട്ടുള്ളത്. കെ.എഫ്.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി മൂന്ന് മേഖലകളായി തിരിച്ച് സീനിയർ ഉദ്യോഗസ്ഥരെ മേഖലാ മേധാവികളായി നിയമിച്ചിട്ടുണ്ട്. വായ്പ അനുവദിക്കുന്നതു സംബന്ധിച്ച തീരുമാനം അടുത്ത ഡയറക്ടർ ബോർഡ് ചേർന്നതിനുശേഷമേ നടപ്പിലാക്കുകയുള്ളൂ.

## റിപ്പോർട്ട് സമർപ്പണം

പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ മുപ്പത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## പ്രത്യേക പരാമർശം

### പി.ടി.എ. ഫണ്ട് ചെലവഴിക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. ബാബു: 5.7.2007-ൽ നടന്ന വിദ്യാഭ്യാസ വകുപ്പിന്റെ ഡിമാന്റ് ചർച്ചാവേളയിൽ 30,000 രൂപയ്ക്കുമുകളിലുള്ള പി.ടി.എ. ഫണ്ട്

ചെലവഴിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ചെയർമാൻമാരുടെ അനുമതി മുൻകൂറായി വാങ്ങണമെന്ന വിദ്യാഭ്യാസ വകുപ്പിന്റെ 26-6-2007-ലെ ഉത്തരവ് ഒരു ക്രമപ്രശ്നത്തിലൂടെ ചൂണ്ടിക്കാണിച്ചപ്പോൾ അങ്ങനെയൊരു ഉത്തരവില്ലെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുകയുണ്ടായി. അതുസംബന്ധിച്ച് നിലപാട് വ്യക്തമാക്കണം.

**വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി)**: 30,000 രൂപയിലധികമുള്ള പി.ടി.എ. ഫണ്ട് ചെലവഴിക്കേണ്ടത് ത്രിതല പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചെയർമാൻമാരുടെ അറിവോടെ ആയിരിക്കണമെന്നാണ് സഭയിൽ പറഞ്ഞത്. എന്നാൽ മുൻകൂട്ടി അനുമതി വാങ്ങണമെന്നാണ് ഉത്തരവിൽ പറയുന്നത്. ഇത്തരത്തിൽ വ്യത്യാസം വന്നതിൽ നിർവ്യാജം ഖേദിക്കുന്നു. അധ്യാപക- രക്ഷകർതൃ സമിതികൾ വിദ്യാർത്ഥികളിൽ നിന്നും അമിതമായി ഫണ്ട് പിരിക്കുന്നതായി നിരവധി ആക്ഷേപങ്ങളും വിമർശനങ്ങളും വന്ന സാഹചര്യത്തിലാണ് ഇത്തരത്തിലൊരു വ്യവസ്ഥ വേണമെന്ന് തീരുമാനിച്ചത്.

## ധനകാര്യം

### <u>2007-2008 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

**പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (<u>ശ്രീ. എ.കെ. ബാലൻ</u>)**: താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXV – പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം
(742,42,05,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXIX – വൈദ്യുത പദ്ധതികൾ
(73,70,28,000 രൂപ)

**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ</u>)**: പ്രമേയത്തെ പിന്താങ്ങുന്നു.

**ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>)**: പട്ടികജാതി/പട്ടിക വർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

സർവ്വശ്രീ ജോസഫ് എം. പുതുശ്ശേരി, കെ.സി. ജോസഫ്, കെ.സി. വേണുഗോപാൽ, എ.പി. അനിൽ കുമാർ, എൻ. ശക്തൻ, സി.പി. മുഹമ്മദ്, കെ. സുധാകരൻ, അടൂർ പ്രകാശ്, എം.എ. വാഹീദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ആര്യാടൻ മുഹമ്മദ്, കെ. ബാബു, ജി. കാർത്തികേയൻ, കെ.കെ. ഷാജു, തോമസ് ചാഴികാടൻ, സി.ടി. അഹമ്മദ് അലി, യു.സി. രാമൻ,

കെ. കുട്ടി അഹമ്മദ് കുട്ടി, എം. ഉമ്മർ, അബ്ദുറഹിമാൻ രണ്ടത്താണി, കെ. മുഹമ്മദുണ്ണി ഹാജി, ബി. ബാബു പ്രസാദ്, എം. മുരളി എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

**ശ്രീ. എ.പി. അനിൽ കുമാർ:** ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വൈദ്യുത മേഖലയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാവുന്ന പല പദ്ധതികളും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇടക്കാലത്ത് നിർത്തിവയ്ക്കുകയുണ്ടായി. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ അനുവദിക്കുന്ന കോടിക്കണക്കിന് രൂപ ലാപ്സായിപ്പോകുന്നത് സംബന്ധിച്ച് പഠിക്കുവാനും വിലയിരുത്തുവാനും കാലോചിതമായ മാറ്റം വരുത്തുവാനും നടപടി സ്വീകരിക്കണം. ത്രിതല പഞ്ചായത്തുകൾവഴി പാർപ്പിടം, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടി നീക്കിവയ്ക്കുന്ന തുക താഴെത്തട്ടിലെത്തിക്കാൻ ശ്രദ്ധിക്കണം. ത്രിതല പഞ്ചായത്തുകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് നീതിയുക്തമാണോ എന്നുള്ളത് അന്വേഷിക്കണം. 2004-2005-ൽ പട്ടികജാതി വകുപ്പ് കെ.എസ്.ഇ.ബി-യിൽ നിക്ഷേപിച്ച പത്ത് കോടി രൂപ വകമാറ്റി ചെലവഴിക്കുന്നത് ശരിയല്ല. പട്ടികജാതി കോളനികളിൽ വൈദ്യുതി കൊടുക്കുന്നതിന് എം.എൽ.എ. ഫണ്ടുപയോഗപ്പെടുത്തണം. പട്ടികജാതി വകുപ്പ് വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ള അഞ്ച് കോടി രൂപ ഉപയോഗിച്ച് കുടിവെള്ള പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. യു.ഡി.എഫ് ഗവൺമെന്റ് കൊണ്ടുവന്ന സ്വാശ്രയ വിദ്യാഭ്യാസ നിയമത്തിൽ എസ്.സി/എസ്.ടി/ ഒ.ഇ.സി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ ഇപ്പോഴത്തെ സ്വാശ്രയ വിദ്യാഭ്യാസ നിയമം അനുസരിച്ച്

ലഭിക്കുന്നില്ല. ഒന്നരലക്ഷം രൂപ കാഷൻ ഡെപ്പോസിറ്റ് നൽകണമെന്ന ഇപ്പോഴത്തെ വ്യവസ്ഥ വളരെയധികം ബുദ്ധിമുട്ടിക്കുന്നതാണ്.. ഈ വിഭാഗത്തിലുള്ള കുട്ടികൾക്ക് കാഷൻ ഡെപ്പോസിറ്റ് കൊടുക്കാനുള്ള തുക ഗവൺമെന്റ് തന്നെ നൽകാൻ നടപടി ഉണ്ടാകണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വൈദ്യുതി രംഗത്ത് വൈദ്യുതി ചാർജ്ജ് കുറയ്ക്കാൻ സാധിച്ചുവെന്ന് മാത്രമല്ല നേട്ടങ്ങളുണ്ടാക്കാനും കഴിഞ്ഞു. അന്ന് അഡീഷണൽ സി.ഡി-യുമായി ബന്ധപ്പെട്ട് മൂന്ന് മാസത്തെ ഡെപ്പോസിറ്റ് അധികം നൽകണമെന്ന വ്യവസ്ഥയ്ക്കെതിരായി ജനങ്ങൾ പ്രക്ഷോഭമാരംഭിച്ചപ്പോൾ നിർത്തലാക്കി. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സർവ്വീസ് വയർ ഉപയോഗിച്ചുകൊണ്ടുള്ള കണക്ഷൻ നൽകുന്നതിൽ പെന്റിംഗ് ഉണ്ടായിരുന്നില്ലെങ്കിൽ ഇപ്പോൾ 2006-ലെ കണക്ഷൻപോലും കൊടുത്തിട്ടില്ല. ബി.പി.എൽ വിഭാഗത്തിലുള്ളവർക്കു പോലും കണക്ഷൻ കൊടുക്കാൻ സാധിച്ചിട്ടില്ല. സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട കരാറിൽ കെ.എസ്.ഇ.ബി വിട്ടുകൊടുത്ത 100 ഏക്കർ ഭൂമിക്ക് യു.ഡി.എഫ് ഗവൺമെന്റ് 20 കോടി രൂപയാണ് വില നിശ്ചയിച്ചിരുന്നത്. ഇപ്പോൾ നൂറ് കോടി രൂപ കിട്ടുമെന്നിരിക്കെ 7.6 കോടി രൂപയാണ് വിലയിട്ടിരിക്കുന്നത്. ഈ ക്രയവിക്രയത്തിൽ സുതാര്യത ഉറപ്പുവരുത്തണം.

<u>**ശ്രീ. ബി. രാഘവൻ**</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമൂഹത്തിൽ പിൻതള്ളപ്പെട്ടിരുന്ന ജനവിഭാഗങ്ങളുടെ സാമൂഹ്യ മാറ്റത്തിനുവേണ്ടി ശ്രദ്ധേയമായ ചുവടുവയ്പുകൾ ഈ ഗവൺമെന്റ് ആരംഭിച്ചുകഴിഞ്ഞു. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ആദിവാസി മേഖലയിൽ 91 ശതമാനത്തോളവും പട്ടികജാതി മേഖലയിൽ 85

ശതമാനത്തോളവും ഫണ്ട് വിനിയോഗിക്കാൻ സാധിച്ചു.. പാർപ്പിടം, കുടിവെള്ളം, വൈദ്യുതി, നടപ്പാത മുതലായ കാര്യങ്ങൾക്ക് ഊന്നൽ കൊടത്തുകൊണ്ടുള്ള നടപടികളുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. വിദ്യാഭ്യാസ മേഖലയിൽ ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ് ഇനങ്ങളിലുണ്ടായിരുന്ന കുടിശ്ശിക മുഴുവൻ ഈ ഗവൺമെന്റ് കൊടുത്തുതീർത്തു എന്നുമാത്രമല്ല സ്കൂൾ തുറക്കുന്ന ആദ്യ മാസത്തിൽത്തന്നെ ഇത് വിതരണം ചെയ്യാനും സാധിച്ചു. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യങ്ങളുണ്ടാക്കാനുള്ള നടപടി സ്വീകരിച്ചു. ക്യാപ്പിറ്റേഷൻ ഫീസ് കൊടുത്ത് വിവിധ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്റ്റൈപന്റും ലംപ്സംഗ്രാന്റും കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഒരു വർഷത്തിനിടയിൽ ആദിവാസികൾക്ക് 126.79 ഏക്കർ ഭൂമി വിതരണം ചെയ്തതും 2086 ആദിവാസികൾക്ക് 3238.59 ഏക്കർ ഭൂമിക്ക് കൈവശരേഖ കൊടുത്തതും അഭിനന്ദനാർഹമാണ്. ആറളം ഫാമിൽ 3500 ഏക്കർ ഭൂമി സർക്കാർ ഏറ്റടുത്ത് ആദിവാസികൾക്ക് വിതരണം ചെയ്യാനുള്ള നടപടിയുമായി മുന്നോട്ടുപോകുകയാണ്. മുൻ യു.ഡി.എഫ്. സർക്കാരിന്റെ വിദ്യാഭ്യാസ നയത്തിന്റെ ഫലമായി പാവപ്പെട്ട ഒരു വിദ്യാർത്ഥിനി ജീവനൊടുക്കി. ആ കുടുംബത്തിലെ അംഗത്തിന് ഈ സർക്കാർ ജോലി നൽകി സഹായിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്ക് ഭരണഘടനയിൽ അനുവദിച്ചിട്ടുള്ള 10 ശതമാനം സംവരണം എല്ലാ മേഖലയിലും നിലനിർത്തണം. അതിനുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് അടക്കമുള്ള നടപടികൾ സ്വീകരിച്ച് നിലവിലുള്ള പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം

കാണാനുള്ള ശ്രമം ഗവൺമെന്റ് നടത്തണം. ആദിവാസി മേഖലയിലെ ഭൂപ്രശ്നം പരിഹരിക്കണം. ശാസ്ത്ര-സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും നിലവിലുള്ള പരിശീലനകേന്ദ്രങ്ങൾ നവീകരിക്കാനും സാധിക്കണം.

**<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u>** ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഉപയോഗിച്ച വൈദ്യുതിയുടെ പണം സമയത്തിന് അടയ്ക്കാൻ നിവൃത്തിയില്ലാത്തവരെ അതിന്റെ മൂന്നിരട്ടി വരുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കുന്നതിന് വൈദ്യുതി വകുപ്പ് നിർബന്ധിക്കുന്നത് ജനങ്ങളെ കൂടുതൽ ബുദ്ധിമുട്ടിക്കുകയാണ്. 1700 കോടി രൂപ കുടിശ്ശിക പിരിഞ്ഞുകിട്ടാനുള്ളത് പിരിക്കാൻ നിലവിലുള്ള സംവിധാനം കാര്യക്ഷമമാക്കാതെ സാധാരണക്കാരെ പിഴിയുന്ന അവസ്ഥ ഒഴിവാക്കണം. 4,000 കോടി രൂപയുടെ സഞ്ചിത നഷ്ടം വൈദ്യുതി വകുപ്പ് നേരിടുമ്പോൾ അരക്കോടി രൂപ കാർ വാങ്ങുന്നതിനായി ചെലവഴിക്കുന്നത് അപഹാസ്യമാണ്. 14 ചെറുകിട പദ്ധതികൾ പുനരുജ്ജീവിപ്പിക്കാൻ 410 കോടി രൂപയുടെ പദ്ധതിക്ക് ടെണ്ടർ വിളിക്കാതെ ചൈനീസ് കമ്പനികൾക്ക് ഈ സർക്കാർ അനുമതി നൽകിയിരിക്കുകയാണ്. ഈ ചൈനീസ് കമ്പനികൾ കഴിഞ്ഞ കാലത്ത് പൂർത്തിയാക്കിയ ഉറുമി I, II ചെമ്പുകടവ് I, II എന്നീ പദ്ധതികൾ തൃപ്തികരമല്ല എന്ന അഭിപ്രായം നിലനിൽക്കവേയാണ് വീണ്ടും ഈ കമ്പനിക്ക് അനുമതി നൽകിയത്. ഈ സർക്കാർ മലബാറിനോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കണം. 90 ശതമാനം കേന്ദ്ര

സഹായം കിട്ടുന്ന രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുത പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. വ്യവസായങ്ങൾക്കുള്ള വൈദ്യുതി നിരക്ക് ഗണ്യമായി വർദ്ധിപ്പിക്കാനുള്ള തീരുമാനം പിൻവലിച്ചില്ലെങ്കിൽ കേരളം വ്യവസായ ശാലകളുടെ ശ്മശാനമായി മാറും. ഇലക്ട്രിസിറ്റി ബോർഡിന്റെ എമർജൻസി സ്ക്വാഡ് മലബാർ മേഖലയ്ക്ക് കൂടി ഉപയോഗപ്പെടുത്തണം. വൈദ്യുതിയുടെ പ്രസരണ നഷ്ടം കുറയ്ക്കാനും മോഷണം തടയാനും കേടായ മീറ്ററുകൾ പുന:സ്ഥാപിക്കാനും സാധിക്കണം. വൈദ്യുതി ചാർജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സമയബന്ധിതമായ പദ്ധതി ആവിഷ്ക്കരിക്കണം. ഈ സർക്കാരിന്റെ പിന്നോക്ക-ന്യൂനപക്ഷങ്ങളോടുള്ള സമീപനത്തിൽ മാറ്റം വരുത്തണം. മേൽത്തട്ട് നിർണ്ണയിക്കുന്നതിന് നിയോഗിച്ച നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് സുപ്രീംകോടതി റദ്ദാക്കിയെങ്കിലും ഗവൺമെന്റ് അത് റദ്ദാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ അതുപ്രകാരമുള്ള നടപടികൾ തുടരണം. പിന്നോക്കക്കാർക്ക് ക്രീമിലെയർ സർട്ടിഫിക്കറ്റ് യഥാസമയം ലഭ്യമാക്കണം. 1991--ൽ കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിയ മദ്രസ നവീകരണ പദ്ധതിക്ക് വിദ്യാഭ്യാസ വകുപ്പിൽനിന്നുള്ള പ്രൊപ്പോസൽ കേന്ദത്തിന് സമർപ്പിക്കണം. സ്വാശ്രയ വിദ്യാഭ്യാസ ബില്ലിലൂടെ ഭരണഘടനാ അവകാശങ്ങൾ ഈ സർക്കാർ ചവിട്ടി മെതിച്ചിരിക്കുകയാണ്. പ്രധാനമന്ത്രിയുടെ 15 ഇനപരിപാടിയിൽ കേന്ദ്ര ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക കേരളത്തിന് വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. ഇന്ത്യയിൽ ആകെ 90 ജില്ലകൾ പിന്നോക്കമായി പ്രഖ്യാപിച്ചപ്പോൾ സർക്കാരിന്റെ പിടിപ്പുകേടുമൂലം കേരളത്തിൽ വയനാട് ജില്ല മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. പട്ടികജാതി /പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണ പദ്ധതി

യിൽ 17.5 കോടി രൂപ വീതം നിർമ്മിതിക്കും ഭവന നിർമ്മാണ ബോർഡിനുമായി വീതിച്ചു നൽകിയെങ്കിലും ഒരു വീടിന്റെ നിർമ്മാണംപോലും പൂർത്തീകരിച്ചിട്ടില്ല. കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച 700 കോടി രൂപയിൽ സർക്കാർ ചെലവഴിച്ചത് വെറും 30 ശതമാനം തുക മാത്രമാണ്. 1975-ൽ നിലവിൽ വന്ന ഐ.സി.ഡി.എസ്. പ്രകാരം ഇപ്പോൾ 163 പ്രോജക്ടുകളിലായി 28,525 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. അംഗൻവാടി ജീവനക്കാരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് പ്രസിദ്ധീകരിക്കണം. വികലാംഗ സ്ത്രീകൾക്ക് 5 ശതമാനം സംവരണം ഏർപ്പെടുത്തുകയും അഗതി-അനാഥ മന്ദിരങ്ങളിലെ അന്തേവാസികൾക്ക് അനുവദിച്ചിരുന്ന ഗ്രാന്റ് 300 രൂപയായി വർദ്ധിപ്പിക്കുകയും സ്ത്രീകൾക്കും കുട്ടികൾക്കും മാത്രമായി പ്രത്യേക വകുപ്പ് രൂപീകരിക്കുകയും വേണം.

**ശ്രീ. പള്ളിപ്രം ബാലൻ:** ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വൈദ്യുതി മിച്ച സംസ്ഥാനമായി മാറ്റണമെന്ന കാഴ്ചപ്പാടോടെ അധികാരമേറ്റ ഗവൺമെന്റ് എന്ന നിലയിൽ പുതിയ പദ്ധതികൾ തുടങ്ങുന്നതിനും പൂർത്തീകരിക്കാത്ത പദ്ധതികൾ പൂർത്തീകരിക്കാനും നടപടി സ്വീകരിക്കണം. 1957-നുശേഷമാണ് പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനം ഉറപ്പുവരുത്താനായി ശ്രമം ആരംഭിച്ചത്. അതിന്റെ നേട്ടങ്ങൾ ഇന്ന് ഈ ജനവിഭാഗം അനുഭവിക്കുന്നുണ്ട്. സ്വാശ്രയമേഖലയിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആവശ്യമായ വിദ്യാഭ്യാസാനുകൂല്യം ലഭ്യമാക്കി കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റും മാർക്ക് ലിസ്റ്റും ലഭ്യമാക്കണം. ആധുനിക കാലഘട്ടത്തിനനുസരിച്ച് പട്ടികജാതി/പട്ടികവർഗ്ഗ

വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കാനും മെച്ചപ്പെട്ട വിജയം ഉറപ്പു വരുത്താനും ആവശ്യമായ നടപടികൾ ഉണ്ടാകണം. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടു ത്തിയും ട്യൂട്ടർമാർക്ക് ആവശ്യമായ വേതനം നൽകിയും മെച്ചപ്പെട്ട പഠനം ഉറപ്പുവരുത്തണം. കോളനികളിൽ താമസിക്കുന്നവരുടെ അടിസ്ഥാന സൗക ര്യങ്ങൾ വർദ്ധിപ്പിക്കണം. ഇവരുടെ സമഗ്ര വികസനത്തിനായി പദ്ധതി വിഹിതം വിനിയോഗിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തണം. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ വീടുകൾ പൂർത്തീകരിച്ച് താമസയോഗ്യമാ ക്കുന്നതിന് ഭവന നിർമ്മാണ വകുപ്പ് ത്രിതല പഞ്ചായത്തുകളേയും ഹൗസിംഗ് ബോർഡിനേയും തമ്മിൽ ഏകോപിപ്പിച്ച് ഒരു പദ്ധതി ആവിഷ്ക്കരിക്കണം. പൂർത്തീകരിക്കാത്ത ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിച്ച് വെള്ളം ലഭ്യമാക്കണം. വിദ്യാഭ്യാസ-ആരോഗ്യ-സംരക്ഷണ-പാർപ്പിട പദ്ധതി സമയബന്ധിതമായി ആവിഷ്ക്കരിച്ച് സർക്കാർ ലക്ഷ്യം നിറവേറ്റണം. അതിന് ഉതകുന്ന രീതിയിൽ എല്ലാ വകുപ്പുകളും സംയോജിപ്പിച്ച് ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടെ ക്ഷേമപ്രവർത്തന ങ്ങൾ നടപ്പിലാക്കണം. പൂർത്തീകരിക്കാത്ത വൈദ്യുത പദ്ധതികളുടെ പണി പൂർത്തിയാക്കണം. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരി ക്കണം. നീലേശ്വരം 33 കെ.വി. സബ് സ്റ്റേഷൻ കമ്മീഷൻ ചെയ്യണം.

**<u>ശ്രീ. റോഷി അഗസ്റ്റിൻ:</u>** ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തെ വൈദ്യുതി മിച്ച സംസ്ഥാനമാക്കുന്ന ക്രിയാത്മകമായ യാതൊരു ഇടപെടലുകളും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ഗാർഹിക വൈദ്യുതീകരണ കാര്യത്തിൽ സംസ്ഥാനം ഏറെ പിന്നിലാണ്. ബി.പി.എൽ.

കുടുംബങ്ങളുടെ ഇടയിൽ വൈദ്യുതീകരിക്കാത്ത വീടുകൾ 24- ശതമാനത്തിനും 50- ശതമാനത്തിനുമിടയിൽ വരും. 70 ശതമാനം പട്ടികവർഗ്ഗ കോളനികളും വൈദ്യുതീകരിക്കപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ സാഹചര്യം പ്രയോജനപ്പെടുത്തി വൈദ്യുതി ഉല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയാത്തത് ഗൗരവമായി പരിശോധി ക്കണം. ജലവൈദ്യുത പദ്ധതികൾക്ക് ലഭിക്കുന്ന പ്രാധാന്യം പാരമ്പര്യേതര ഊർജ്ജമേഖലയിലും ഉണ്ടാകണം. വൈദ്യുതി ഉൽപ്പാദനത്തിനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് നല്ല പദ്ധതികൾ ആവിഷ്ക്കരിക്കുന്നതോടൊപ്പം കേന്ദ്രത്തിന്റെ സഹായത്തോടെ കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഇടുക്കി, പാലക്കാട്, തിരുവനന്തപുരം ജില്ലകളിൽ ഉൾപ്പെടെ 17 സ്ഥലങ്ങൾ കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ അനുയോജ്യമാണെന്ന് പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. ജലവൈദ്യുത പദ്ധതികൾക്ക് നൽകുന്ന പ്രാധാന്യം ഇത്തരം പദ്ധതികൾക്കും നൽകണം. ഊർജ്ജരംഗത്തെ പ്രതിസന്ധി പരിഹരിക്കാൻ കൂട്ടായ തീരുമാനം കൈക്കൊള്ളണം. ആകെ ഉൽപ്പാദനത്തിന്റെ എഴുപത് ശതമാനം വൈദ്യുതിയും ഉൽപ്പാദിപ്പിക്കുന്ന ഇടുക്കി ജലവൈദ്യുത പദ്ധതിയിൽ ആകെ ആറ് ജനറേറ്ററുകളിൽ മൂന്ന് ജനറേറ്റുകളും ഇന്ന് തകരാറിലാണ്. കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനമനുസരിച്ച് ജലവൈദ്യുത പദ്ധതികളുടെ യന്ത്രോപകരണങ്ങളുടെ ആയുസ്സ് 35 വർഷമാണ്. അതിനാൽ ഇടുക്കി പദ്ധതിയുടെ ആദ്യഘട്ടത്തിൽ സ്ഥാപിച്ച മൂന്ന് ജനറേറ്ററുകളും കാലപ്പഴക്കംചെന്ന് നശിച്ചിരിക്കുകയാണ്. അവയുടെ നവീകരണം

സംബന്ധിച്ച് സാങ്കേതിക പഠനം നടത്താനാവശ്യമായ സത്വര നടപടി സ്വീകരിക്കണം. മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മാണം സംബന്ധിച്ച് നടക്കുന്ന സമരം 200 ദിവസം പിന്നിടുകയാണ്. 1959-ലാണ് മുല്ലപ്പെരിയാറിൽനിന്നും തമിഴ്നാട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ തുടങ്ങിയത്. ഒരുവർഷം ശരാശരി 28 ടി.എം.സി. ജലമാണ് തമിഴ്നാട് ഉപയോഗിക്കുന്നത്. അതനുസരിച്ച് തമിഴ്നാട് 23040 മില്യൻ യൂണിറ്റ് വൈദ്യുതി ജനറേറ്റ് ചെയ്തുകഴിഞ്ഞു. 1979-ലെ പുതിയ കരാറനുസരിച്ച് ജലനിരപ്പ് 136 അടി എന്ന് നിജപ്പെടുത്തിയശേഷം 29 വർഷംകൊണ്ട് വെറും 33.93 ടി.എം.സി. ജലമാണ് കേരളത്തിന് ലഭിച്ചത്. ഇന്നത്തെ സെയിൽസ് കോസ്റ്റ് അനുസരിച്ച് വില നിശ്ചയിക്കുമ്പോൾ 928.86 കോടി രൂപയുടെ വൈദ്യുത ഉൽപ്പാദനമാണ് കേരളം നടത്തിയതെങ്കിൽ ഇതേ കാലയളവിൽ തമിഴ്നാടിന് ലഭിച്ച 812 ടി.എം.സി. ജലമുപയോഗിച്ച്, നിലവിലുള്ള സെയിൽസ് കോസ്റ്റ് അനുസരിച്ച്, 22,248 കോടി രൂപയുടെ വൈദ്യുതി ഉൽപ്പാദനം തമിഴ്നാട് നടത്തിക്കഴിഞ്ഞിരിക്കുന്നു. ഈ വേരിയേഷൻ ചെറുതായി കാണാൻ കഴിയില്ല. ആ എഗ്രിമെന്റ് എത്രയും പെട്ടെന്ന് പുതുക്കാനും പുതിയ ഡാം നിർമ്മിക്കാനും അടിയന്തിര നടപടി സ്വീകരിക്കണം. ഗ്രാമീണ വൈദ്യുത പദ്ധതിയിൽ ഇടുക്കി ജില്ലയെ പൂർണ്ണമായും വൈദ്യുതീകരിക്കുമെന്നുള്ള ഗവൺമെന്റിന്റെ ഉറപ്പ് എത്രയും പെട്ടെന്ന് നടപ്പിലാക്കണം. 1.1.1977 മുതൽ കൈവശം വച്ചിരിക്കുന്ന ഭൂമിക്കും ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞിട്ടുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർക്കും നാൽപ്പതോളം വർഷങ്ങളായി ഭൂമി കൈവശം വച്ച് അവിടെ വീടുവച്ച് താമസിക്കുന്നവർക്കും എൻ.ഒ.സി.

കിട്ടാത്തതിന്റെ പേരിൽ വൈദ്യുത കണക്ഷന് അപേക്ഷ കൊടുക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമുണ്ട്. അതിനാൽ വൈദ്യുതി കണക്ഷന് അപേക്ഷ നൽകുമ്പോൾ വില്ലേജ് ആഫീസിൽനിന്നും എൻ.ഒ.സി. കൂടി കൊടുക്കണമെന്ന നിബന്ധന പുന:പരിശോധിക്കണം. ആർച്ച് ഡാമിനും അനുബന്ധ പ്രദേശങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടും ഇടുക്കി ജലാശയത്തിൽ ബോട്ടിംഗ് അനുവദിച്ചും ഹൈഡൽ ടൂറിസം പ്രോൽസാഹിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. നശിച്ചു കൊണ്ടിരിക്കുന്ന കുളമാവ്, ഇടുക്കി, വെള്ളത്തൂവൽ എന്നിവിടങ്ങളിലെ കെ.എസ്.ഇ.ബി. ക്വാർട്ടേഴ്സുകളുടെ കണക്കെടുത്ത് റിപ്പെയർ ചെയ്യാവുന്നവ റിപ്പെയർ ചെയ്ത് ടൂറിസം വികസനത്തിന്റെ ഭാഗമായി ഉപയോഗിക്കണം. ലൈറ്റ് ആന്റ് സൗണ്ട് സിസ്റ്റം ഏർപ്പെടുത്തി മൂലമറ്റം പവർഹൗസ് കാണാൻ സന്ദർശകർക്ക് അനുമതി നൽകണം. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് മാത്രമായി കോട്ടയം മെഡിക്കൽ കോളേജിലാരംഭിച്ച ജനറൽ നഴ്സിംഗ് കോഴ്സിന് അടിയന്തിരമായി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണം. എസ്.സി-എസ്.ടി. വിഭാഗങ്ങൾക്ക്, പ്രത്യേകിച്ച് മലയോര മേഖലകളിൽ താമസിക്കുന്നവർക്ക് വീട് വയ്ക്കാൻ അനുവദിച്ചിരിക്കുന്ന ധനസഹായം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

**ശ്രീ. കെ. പി. മോഹനൻ**: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇലക്ട്രിസിറ്റി ബോർഡിന്റെ കഴിഞ്ഞ ഒരു വർഷത്തെ കാര്യക്ഷമമായ പ്രവർത്തനത്തിന്റെ ഫലമായി കേരളത്തിൽ പവർകട്ട് ഒഴിവാക്കാൻ കഴിഞ്ഞു. 2006-07-ലെ കണക്കനുസരിച്ച് 8713870 ഉപഭോക്താക്കളാണ് കെ.എസ്.ഇ.ബി.ക്കുള്ളത്. 2010-ൽ ഇത് ഒരു കോടിയിലധികമാകുമെന്നും

പ്രതിശീർഷ ഉപഭോഗം വൻതോതിൽ വർദ്ധിക്കുമെന്നുമാണ് കണക്കുകൾ കാണിക്കുന്നത്. അതായത് ചുരുങ്ങിയത് 49 ലക്ഷം യൂണിറ്റ് വൈദ്യുതി അധികമായി വേണ്ടിവരും. അതിന്റെ അടിസ്ഥാനത്തിൽ അടുത്ത 10 വർഷംകൊണ്ട് കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിച്ച് സ്വയംപര്യാപ്തമാകുക എന്ന മഹത്തായ ലക്ഷ്യം വച്ചാണ് വൈദ്യുതി വകുപ്പ് മുന്നോട്ടുപോകുന്നത്. ഈ ലക്ഷ്യം കൈവരിക്കണമെങ്കിൽ പരമ്പരാഗത മാർഗ്ഗങ്ങളോടൊപ്പം കാറ്റിൽനിന്നും പാരമ്പര്യേതര സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കണം. ആധുനിക ശാസ്ത്ര മാർഗ്ഗങ്ങൾ ഉപയോഗിച്ച് മാലിന്യങ്ങളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള സാദ്ധ്യത ആരായണം. വൈദ്യുതി വിതരണ രംഗത്ത് കൂടുതൽ കണക്ഷനുകൾ നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കണം. വോൾട്ടേജ് പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി ഊർജ്ജിതമായി നടപ്പിലാക്കണം. ഉപഭോക്താക്കൾ കൂടുതലുള്ള മേജർ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കണം. ചൊക്ളിയിലുള്ള മേജർ സെക്ഷൻ ഓഫീസ് വിഭജിച്ച് പെരിങ്ങത്തൂരിൽ ഒരു സബ് സ്റ്റേഷൻ ഓഫീസ് അനുവദിക്കണം. ഗ്രാമീണ വൈദ്യുതി രംഗത്ത് എം.എൽ. എ. ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ അഞ്ച് വർഷമായി അറുപത് ലക്ഷത്തിൽപ്പരം രൂപ ചെലവഴിച്ച് സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച നടപടികൾ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ടെൻഡറും മറ്റുമില്ലാതെ പൊതുമേഖലാ സ്ഥാപനമായ എൻ.ടി.പി.സി.യെ ഈ വർക്ക് ഏൽപ്പിച്ച് ഈ രംഗത്തെ അഴിമതി അവസാനിപ്പിക്കണം. മിനിമം ഗ്യാരന്റി സ്കീംപ്രകാരം ദരിദ്ര

വിഭാഗങ്ങൾ അടയ്ക്കേണ്ട ഭീമമായ കുടിശ്ശികയിൽനിന്നും അവരെ ഒഴിവാക്കിയത് ശ്ലാഘനീയമാണ്. പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങളും തോട്ടങ്ങളും 2007 ജൂൺ 30-നകം തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയതും മിനിമം ഡിമാന്റ് ചാർജ്ജിൽ ഇളവ് അനുവദിച്ചതും അഭിനന്ദനാർഹമാണ്. എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ അതാത് സമയത്തുതന്നെ അവർക്ക് ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. കോളനികൾ നവീകരിക്കണം. സമൂഹത്തിന്റെ മുഖ്യധാരയിൽ അവരെ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും അതിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് അവർക്കുവേണ്ടി ബൗദ്ധിക സാഹചര്യങ്ങളൊരുക്കുകയും ചെയ്യണം. കലാ-കായിക രംഗം സമ്പന്നമാക്കാൻ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് ആവശ്യമായ ആനുകൂല്യങ്ങളും സൗകര്യങ്ങളും നൽകണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക്വേണ്ടി ആവിഷ്ക്കരിക്കുന്ന ക്ഷേമ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ ആ വിഭാഗത്തിൽപ്പെട്ടവർക്ക് ലഭ്യമാകുന്നില്ല എന്ന ആക്ഷേപമുണ്ടായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം അതിനൊരു മാറ്റം വരുത്തിക്കൊണ്ട് അവർക്കുള്ള ആനുകൂല്യങ്ങൾ അർഹതയുള്ളവരുടെ കൈയിലെത്തിക്കാനും അവരുടെ കാര്യത്തിൽ വന്നിട്ടുള്ള കുറവുകൾ പരിഹരിക്കാൻ ആത്മാർത്ഥമായി ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി ഇല്ലാത്തതിന്റെ പേരിൽ വ്യവസായങ്ങൾ വരാതിരിക്കുകയും വ്യവസായം വന്നാൽ

നടത്താതിരിക്കുകയും ചെയ്യുന്ന ദുരവസ്ഥ കേരളത്തിന്റെ വ്യവസായ വികസന രംഗത്ത് മുരടിപ്പ് ഉണ്ടാക്കിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ വ്യക്തമായ കാഴ്ചപ്പാടോടുകൂടി പ്രവർത്തിക്കാൻ കഴിഞ്ഞ ഒരു വർഷക്കാലത്തെ ഭരണംകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് സാധിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം വൈദ്യുതി ഉൽപ്പാദനത്തിൽ വമ്പിച്ച നേട്ടം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. 2000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനം ലക്ഷ്യം വച്ചുകൊണ്ട് 1000 മെഗാവാട്ട് ടാർജറ്റ് ചെയ്യാൻ ഗവൺമെന്റിന് കഴിഞ്ഞു. ഇതിൽ 500 മെഗാവാട്ട് വരുന്ന അഞ്ച് വർഷത്തിനുള്ളിൽ ഉൽപ്പാദിപ്പിക്കണമെന്ന് ലക്ഷ്യമിട്ടുകൊണ്ട് അതിനുള്ള നടപടിക്രമങ്ങൾ ആദ്യവർഷംതന്നെ ആരംഭിച്ചു. സംസ്ഥാനത്തുൽപ്പാദിപ്പിക്കുന്ന വൈദ്യുതിയും ആവശ്യകതയും തമ്മിൽ അന്തരം നിലനിൽക്കുന്നതുകൊണ്ടാണ് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ട് മുന്നോട്ട് പോകേണ്ട സാഹചര്യമുണ്ടായത്. പാഴ്ച്ചെലവുകൾ ഒഴിവാക്കി ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കഴിഞ്ഞ ഒരു വർഷംകൊണ്ട് സാധിച്ചു. ഉൽപ്പാദന-പ്രസരണ-വിതരണ മേഖലകളിൽ ചിട്ടയായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ കഴിഞ്ഞു. 2007-08 പൂർത്തിയാകുമ്പോൾ 143.75 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള കർമ്മപരിപാടിക്കാണ് ഗവൺമെന്റ് നേതൃത്വം നൽകിയിരിക്കുന്നത്. ഈ സാമ്പത്തികവർഷം 205 മെഗാവാട്ട് വൈദ്യുതി പുതുതായി ഉൽപ്പാദിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വളരെ നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനത്തിലൂടെ പവർകട്ടും ലോഡ് ഷെഡിംഗും ഇല്ലാതാക്കി. കാലവർഷക്കെടുതി ഉണ്ടായപ്പോൾ

ലൈനുകളിലുണ്ടായ തകരാറുകൾ പരിഹരിക്കാൻ കാര്യക്ഷമമായി പ്രവർത്തിച്ചു. പ്രാദേശിക ഓഫീസുകളിൽ വേണ്ടത്ര ജീവനക്കാരെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഒഴിഞ്ഞുകിടക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർ, എ.ഇ.ഇ. തസ്തികകൾ നികത്താനാവശ്യമായ നടപടി സ്വീകരിക്കണം. ഗവൺമെന്റ് സർവ്വേയുടെ അടിസ്ഥാനത്തിൽ പുതിയ സബ്സ്റ്റേഷൻ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടക്കംകുറിച്ച കൂടംകുളം പദ്ധതി ജനസാന്ദ്രതയുള്ള പ്രദേശങ്ങളെ ഒഴിവാക്കിക്കൊണ്ട് പാവപ്പെട്ടവരും സാധാരണക്കാരുമായ കൃഷിക്കാരെ സഹായിക്കാൻ കഴിയുന്ന വിധത്തിലുള്ള ബദൽ നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് നടപ്പിലാക്കണം.

**ശ്രീ. കെ. സി. രാജഗോപാലൻ**: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമഗ്രവികസനത്തിന് തുടക്കം കുറിച്ചുകൊണ്ട് കഴിഞ്ഞ ഒരു വർഷക്കാലം വിവിധ മേഖലകളിൽ ജനോപകാരപ്രദമായ പദ്ധതികളാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അംഗൻവാടി ജീവനക്കാരെ സംരക്ഷിക്കാൻ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനങ്ങളാണ് നടത്തിയത്. അംഗൻവാടി ഹെൽപ്പർമാർക്കും വർക്കർമാർക്കും 150 രൂപ അധികമായി നൽകി. കൂടുതൽ അംഗൻവാടികൾ ആരംഭിച്ചു. ഇവയെ പ്രീ പ്രൈമറി നിലവാരത്തിലെ സ്കൂളുകളാക്കി മാറ്റാനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയാണ്. അംഗൻവാടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സമൂഹത്തിലെ ദുർബല വിഭാഗക്കാരായ അംഗൻവാടി ജീവനക്കാരിൽ ആറ് മാസത്തെ സർവ്വീസുള്ളവരെ മുഴുവനും സ്ഥിരപ്പെടുത്തിയത് കഴിഞ്ഞ

കാലങ്ങളിൽ ഇവർ നടത്തിയ പ്രക്ഷോഭത്തിന്റെ അംഗീകാരമാണ്. സമൂഹത്തിൽ ദുർബലരായ വികലാംഗരുടെ ക്ഷേമം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു. അവർക്ക് സർക്കാർ സർവ്വീസിൽ മൂന്ന് ശതമാനം സംവരണം ഏർപ്പെടുത്തിയതും 1998-99 കാലഘട്ടത്തിൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ചവരെ സ്ഥിരപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചതും സ്വാഗതാർഹമാണ്. വികലാംഗ കോർപ്പറേഷൻ പുന:സംഘടിപ്പിച്ച് അതിന്റെ പ്രവർത്തനം വ്യാപിപ്പിക്കണം. അവർക്ക് ക്ളാസ്-1, ക്ളാസ്-2 തസ്തികകളിലും സംവരണം നടപ്പിലാക്കിയത് സ്വാഗതാർഹമായ നടപടിയാണ്. പരസഹായത്തോടെ മാത്രം ജീവിക്കാൻ കഴിയുന്ന വികലാംഗർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഉണ്ടാക്കിക്കൊടുക്കാനുള്ള പ്രത്യേക പരിഗണന നൽകണം. അന്ധർ, ബധിരർ, മൂകർ എന്നിവരുടെ പുനരധിവാസത്തിന് കർമ്മപരിപാടി ആവിഷ്ക്കരിക്കണം. ശിശുക്ഷേമ സമിതിയെപ്പോലെ ഒരു സമിതി രൂപീകരിച്ച് അതിന്റെ ചുമതലയിൽ അനാഥാലയങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. പട്ടികജാതിക്കാരുടെയും പിന്നോക്ക വിഭാഗത്തിന്റെയും ഉത്തമ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഗവൺമെന്റ് ഒരു പ്രത്യേക നിയമനിർമ്മാണമുണ്ടാക്കണം. ഒരു സാമൂഹിക സാമ്പത്തിക സർവ്വേ നടത്തി ഒ.ബി.സി. യിൽപ്പെട്ടവരുടെ വിദ്യാഭ്യാസവും സാമൂഹികവുമായ പിന്നോക്കാവസ്ഥ രേഖപ്പെടുത്തി, പബ്ലിഷ് ചെയ്ത് ആക്ഷേപം കേട്ടതിനുശേഷം രേഖയാക്കി ക്രീമിലെയർ ആനുകൂല്യം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. എറണാകുളം ജില്ലയിലെ നേര്യമംഗലം മാതൃകാ ട്രൈബൽ വില്ലേജായി പ്രഖ്യാപിച്ചത്

സ്വാഗതാർഹമാണ്. പത്തനംതിട്ട ജില്ലയിലെ ആദിവാസി മേഖലയായ അട്ടത്തോട് മേഖലയേയും മാതൃകാ വില്ലേജായി പ്രഖ്യാപിക്കണം. സ്വകാര്യ ഹോസ്റ്റലുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം. സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അർഹമായ സംവരണം ലഭ്യമാക്കുന്നതിനും സ്വകാര്യ സ്ഥാപനങ്ങളിലെ നിയമനത്തിൽ സംവരണം ഏർപ്പെടുത്തുന്നതിനും നിയമനിർമ്മാണം നടത്തണം. ഒ.വൈ.ഇ.സി. സ്കീം പ്രകാരം സമയബന്ധിതമായി ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഗവൺമെന്റിന്റെ സ്വത്ത് സംരക്ഷിക്കാനും നഷ്ടപ്പെട്ടത് വീണ്ടെടുക്കാനുംവേണ്ടി ഈ ഗവൺമെന്റ് നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

**<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u>** ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് ഇലക്ട്രിസിറ്റി രംഗത്തെ നിശ്ചലാവസ്ഥ മാറ്റി സംസ്ഥാനത്തെ സ്വയം പര്യാപ്തതയിലേയ്ക്ക് നയിക്കുന്നു. ഈ വർഷം 500 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ശബരിഗിരി ജല വൈദ്യുത പദ്ധതിയുടേയും നേര്യമംഗലം പദ്ധതിയുടേയും നവീകരണം ഉൾപ്പെടെ 12 ചെറുകിട ജല വൈദ്യുത പദ്ധതികളുടെ പ്രവർത്തനം നടന്നുവരികയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചുകഴിഞ്ഞു. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനത്തിൽ ഉൽപ്പാദിപ്പിക്കുന്ന മീറ്ററുകളാണ് ഇപ്പോൾ വൈദ്യുതി ബോർഡ് വാങ്ങുന്നത്. കെ.എസ്.ഇ.ബി.യുടെ ക്യാഷ് കൗണ്ടറിന്റെ ഉച്ചയ്ക്കുശേഷമുള്ള പ്രവർത്തനം

രണ്ട് മുതൽ നാല് മണി വരെയാക്കണം. 2007 ജനുവരി മാസം വരെ സി.ഡി. അടച്ചവർക്ക് കണക്ഷൻ കൊടുക്കുമെന്നു പറഞ്ഞത് പ്രാവർത്തികമാക്കണം. 2003-നുശേഷം ജോലിയിൽ പ്രവേശിച്ച 5000-ത്തിലധികം പേർക്ക് ശമ്പള പരിഷ്ക്കരണത്തിന്റെ ആനുകൂല്യം ലഭ്യമായിട്ടില്ല. അത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. എസ്.സി./എസ്.ടി., ഒ.ബി.സി. വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം ഈ വർഷാരംഭത്തിൽത്തന്നെ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. പ്രീ-മെട്രിക് /പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾക്കുള്ള തുക വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണ്.

**ശ്രീ. കെ.കെ. ഷാജു:** ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എസ്.സി./എസ്.ടി.ക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി ഈ ഗവൺമെന്റ് അട്ടിമറിച്ചു. ഈ പദ്ധതി പ്രകാരം പത്തനതിട്ട ജില്ലയിൽ 240 വീടുകൾ അനുവദിച്ചതിൽ 28 എണ്ണം മാത്രമാണ് പൂർത്തീകരിച്ചത്. ആലപ്പുഴ ജില്ലയിൽ 320 വീടുകൾ അനുവദിച്ചതിൽ 189 വീടുകൾ വിവിധ സ്റ്റേജുകളിലാണ്. ഈ പദ്ധതി നടത്തിപ്പ് നേരത്തേയുണ്ടായിരുന്ന രീതിയിൽ തുടരാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനു വേണ്ടി സ്ഥാപിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു പുരോഗതിയും ഉണ്ടായിട്ടില്ല. അവരുടെ ഉന്നമനത്തിനുവേണ്ടി ക്രിയാത്മകമായി പ്രവർത്തിക്കാൻ സർക്കാരിന് കഴിയണം. സ്വാശ്രയ സ്ഥാപനങ്ങളിൽ മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക്

വിദ്യാഭ്യാസാനുകൂല്യങ്ങൾ കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വെള്ളം, വെളിച്ചം, വഴി തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. വൈദ്യുതി എത്താത്ത കുഗ്രാമങ്ങളിൽ വൈദ്യുതി എത്തിക്കാനുള്ള നടപടി സ്വീകരിക്കണം. സ്റ്റാഫിന്റെയും മറ്റ് ഉപകരണങ്ങളുടെയും കുറവ് പരിഹരിക്കണം. മീറ്റർ ചാർജ് പുതിയ കണക്ഷനുകൾക്ക് മാത്രമായി ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം.

**ശ്രീ. എം. ഹംസ**: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാരിന്റെ ദൃഢനിശ്ചയത്തോടുകൂടിയുള്ള പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഇല്ലാതാക്കി. 1996-ൽ അധികാരത്തിലിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ് പശ്ചിമ ബംഗാളിൽ നിന്ന് വൈദ്യുതി വരുത്തിക്കൊണ്ട് ആദ്യമായി കേരളത്തിൽ പവർകട്ട് ഇല്ലാതാക്കിയത്. ആ ദിശയിൽ കൂടിയാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ഇൻഡ്യയിലെ മിക്ക സംസ്ഥാനങ്ങളിലും ലോഡ് ഷെഡ്ഡിംഗ് ഉള്ളപ്പോൾ കേരളത്തിൽ മാത്രമാണ് അതില്ലാത്തത്. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ ഗ്രാമീണ ജനങ്ങൾക്ക് 6 മണിക്കൂർ മാത്രം വൈദ്യുതി ലഭിക്കുമ്പോൾ കേന്ദ്രപൂളിൽ നിന്നും 148 മെഗാവാട്ട് വൈദ്യുതി കേരളത്തിന് കുറവ് ചെയ്തിട്ടും സംസ്ഥാനത്ത് 24 മണിക്കൂറും വൈദ്യുതി ലഭിക്കുന്നത് ഈ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്ത് 440 മെഗാവാട്ട് വൈദ്യുതി

കൂടുതലായി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും 26.6 മെഗാവാട്ട് വൈദ്യുതി മാത്രമാണ് കൂടുതലായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത്. ചെറുകിട ജല വൈദ്യുത പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയും പാരമ്പര്യേതര സ്രോതസ്സുകൾ ഉപയോഗപ്പെടുത്തിയും ഈ വർഷം 500 മെഗാവാട്ട് വൈദ്യുതി കൂടുതലായി ഉൽപാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2012 ആകുമ്പോൾ സംസ്ഥാനത്ത് 4550 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പി ക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. സ്മാർട്ട് സിറ്റി, വല്ലാർപാടം, ഐ.റ്റി. വികസനം, വിഴിഞ്ഞം തുറമുഖം എന്നിവ യാഥാർത്ഥ്യമാക്കുന്നതിനുള്ള പരിശ്രമങ്ങളാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 5 ലക്ഷം വൈദ്യുതി കണക്ഷൻ നൽകാൻ സാധിച്ചുവെന്നത് അഭിനന്ദനാർഹമാണ്. എസ്.സി./എസ്.ടി. വിഭാഗക്കാരുൾപ്പെടെയുള്ള എല്ലാവർക്കും രണ്ട് വർഷത്തിനുള്ളിൽ വൈദ്യുതി കണക്ഷൻ നൽകാൻ കഴിയും. പൂട്ടിക്കിടന്നിരുന്ന പല പൊതുമേഖലാ സ്ഥാപനങ്ങളും തുറന്നു പ്രവർത്തിപ്പിക്കാൻ ആവശ്യമായ വൈദ്യുതി എത്തിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു.

**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് നിരാലംബരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനുതകുന്ന പദ്ധതികളുമായി മുന്നോട്ടുപോവുകയാണ്. പദ്ധതികൾ സമയബന്ധിതമായും സുതാര്യമായും പ്രാവർത്തികമാക്കാൻ ജില്ലാ-സംസ്ഥാനതലത്തിൽ റിവ്യൂ കമ്മിറ്റികൾ രൂപീകരിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിന് കൂടുതൽ തുക

ചെലവഴിക്കാൻ സാധിച്ചു. ഈ മേഖലയിലെ വിദ്യാർത്ഥികൾക്ക് 40.84 കോടി രൂപയുടെ വിദ്യാഭ്യാസാനുകൂല്യങ്ങളും മികവു പുലർത്തുന്നവർക്ക് പാരിതോഷികങ്ങളും നൽകിക്കഴിഞ്ഞു. പോസ്റ്റ് മെട്രിക്, പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ മെസ് ഫീസും യൂണിഫോം അലവൻസും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു. പട്ടികജാതി വികസന വകുപ്പിൽ 21 ഹോസ്റ്റലുകളും 42 പ്രീമെട്രിക് ഹോസ്റ്റലുകളും നവീകരിക്കാൻ തീരുമാനിച്ചു. 19000 ഏക്കർ ഭൂമി ഏറ്റെടുത്ത് ആദിവാസികൾക്ക് വിതരണം ചെയ്യാനും കൈവശരേഖ നൽകാനും നടപടി സ്വീകരിച്ചു. 2001 മുതൽ 2006 വരെ പണി പൂർത്തീകരിക്കാത്ത പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഭവനങ്ങളുടെ നിർമ്മാണത്തിന് ഇരുപത്തിയഞ്ചേകാൽ കോടി രൂപ അനുവദിച്ചു. ഈ മേഖലയിൽ സമഗ്ര ആരോഗ്യ പരിപാലന പരിപാടിയും വിവിധ ജില്ലകൾക്കായി 8.42 കോടി രൂപയുടെ ശുദ്ധജല വിതരണ പദ്ധതിയും ആവിഷ്ക്കരിക്കാൻ സാധിച്ചുവെന്നത് ശ്ളാഘനീയമാണ്. ബ്ളോക്ക് തല പട്ടികജാതി വികസന ഓഫീസിൽ ആവശ്യമായ തസ്തികകൾ അനുവദിക്കണം. വൈദ്യുതി മേഖലയിലെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ കാർഷിക-വ്യാവസായിക മേഖലകളിൽ പുരോഗതി കൈവരിക്കാനും ലോഡ്ഷെഡ്ഡിംഗ് ഇല്ലാതാക്കാനും സാധിച്ചു. വൈദ്യുതിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ തീവ്രയത്ന പരിപാടികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കാറ്റിൽനിന്നും വൈദ്യുതി

ഉൽപ്പാദിപ്പിക്കാൻ പദ്ധതി ആവിഷ്ക്കരിക്കണം. ഈ ഗവണ്മെന്റ് ഒരു വർഷത്തിനുള്ളിൽ അഞ്ചേകാൽ ലക്ഷത്തോളം പുതിയ വൈദ്യുതി കണക്ഷൻ നൽകി. കുടിവെള്ള പദ്ധതികളുടെ വൈദ്യുതി നിരക്ക് കുറയ്ക്കാനും പൊതുമേഖലയുടെ പുനരുദ്ധാരണത്തിനുവേണ്ടി കുടിശ്ശിക ഒഴിവാക്കാനും വൈദ്യുതി മോഷണം തടയാനും ദരിദ്ര വിഭാഗക്കാരുടെ വൈദ്യുതി ചാർജ് കുടിശ്ശിക ഒഴിവാക്കാനുമുള്ള തീരുമാനങ്ങൾ സ്വാഗതാർഹമാണ്. ആർ.ജി.ജി.വൈ. പദ്ധതി നടപ്പാക്കുന്നതോടെ കേരളത്തിലെ മുഴുവൻ വീടുകളിലും വൈദ്യുതി കണക്ഷൻ നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത് അഭിനന്ദനാർഹമാണ്. പ്രകൃതിക്ഷോഭത്തിൽ തകർന്ന വൈദ്യുതി ലൈനുകൾ പുന:സ്ഥാപിക്കാനുള്ള നടപടി ത്വരിതപ്പെടുത്തണം. റോഡ് വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണം. എടക്കാട് മണ്ഡലത്തിലെ പരടശ്ശേരി കേന്ദ്രമാക്കി പുതിയ വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കണം.

<u>**ശ്രീ. യു.സി. രാമൻ**</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അർഹിക്കുന്ന പ്രാധിനിധ്യം നൽകണം. പല പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും കെ.എസ്.ഇ.ബി.യുടെ അനാസ്ഥമൂലം കുടിവെള്ള വിതരണം തടസ്സപ്പെടുന്നത് ഒഴിവാക്കണം. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ത്രിതല പഞ്ചായത്തുകളിലൂടെയുള്ള പ്രവർത്തനം കാര്യക്ഷമമാക്കണം. പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ ആരംഭിച്ച പദ്ധതികൾ പൂർത്തീകരിക്കാൻ സത്വര നടപടി സ്വീകരിക്കണം. എസ്.സി. ഡിപ്പാർട്ടുമെന്റിൽനിന്ന് പണം ചെലവഴിച്ചു നടത്തുന്ന പ്രവർത്തനങ്ങൾക്ക് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം. കുന്നമംഗലം നിയോജക

മണ്ഡലത്തിൽ ട്രൈബൽ ഹോസ്റ്റലിന് പൊതുമരാമത്ത് വകുപ്പ് സ്ഥലം വിട്ടുകൊടുത്തുകൊണ്ടുള്ള ഉത്തരവിറക്കണം. എസ്.സി./എസ്.ടി. വിഭാഗക്കാരുടെ ഭവന നിർമ്മാണത്തിന് ആവശ്യമായ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കാനും ഇത് സംബന്ധിച്ച് പരിശോധിക്കാനും നടപടിയുണ്ടാകണം. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് വർദ്ധിപ്പിക്കണം. എം.ആർ.എസ്.-കളിൽ പഠിച്ച കുട്ടികൾക്ക് തുടർ വിദ്യാഭ്യാസത്തിന് പ്ലസ് ടൂ കോഴ്സുകൾ ആരംഭിക്കണം. കാലവർഷക്കെടുതിമൂലം നാശം സംഭവിച്ച വൈദ്യുതി പോസ്റ്റുകൾ പുന:സ്ഥാപിക്കണം. സിറ്റി-റൂറൽ ഏരിയകളിൽ വൈദ്യുതി ലഭ്യമാക്കുന്ന കാര്യത്തിൽ കെ.എസ്.ഇ.ബി. വ്യത്യസ്ത സമീപനം സ്വീകരിക്കാൻ പാടില്ല. സെക്യൂരിറ്റി ഡെപ്പോസിറ്റ് പിൻവലിക്കണം. പെരുമൺ സെക്ഷൻ ഓഫീസിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കണം.. ചാത്തമംഗലത്ത് സെക്ഷൻ ഓഫീസ് ആരംഭിക്കണം. വെള്ളിമാട്കുന്ന് മുതൽ ചെറുവറ്റ വരെയുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കണം. അംഗൻവാടികൾക്ക് ആവശ്യമായ ജീവനക്കാരെ നിയമിച്ച് അവരുടെ ജോലിഭാരം ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കണം. കുന്നമംഗലത്തെ ഐ.സി.ഡി.എസ്. ഓഫീസിന് സ്വന്തമായ കെട്ടിടവും പുതിയ വാഹനങ്ങളും അനുവദിക്കണം. എസ്.ടി. വിഭാഗക്കാർക്ക് സ്ഥലം നൽകുന്ന പദ്ധതി പൂർത്തീകരിക്കണം. പുറമ്പോക്ക് ഭൂമി കണ്ടെത്തി ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് വിതരണം ചെയ്യണം.

**ശ്രീ. കെ.സി. കുഞ്ഞിരാമൻ**: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷക്കാലം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹിക്കുന്ന പ്രാതിനിധ്യം ലഭിച്ചിരുന്നില്ല. ഈ വിഭാഗങ്ങൾക്ക്

സാമൂഹ്യനീതിയോടൊപ്പം സാമ്പത്തിക നീതിയും ഉറപ്പുവരുത്തത്തക്കവിധം വിവിധ ക്ഷേമപ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഈ മേഖലയിൽ വിവിധ പദ്ധതികൾക്ക് അനുവദിച്ച ഫണ്ട് കൃത്യമായി ചെലവഴിക്കുന്നുണ്ടെന്നതും ആശ്വാസകരമാണ്. ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചുവരികയാണ്. 2500-ൽപ്പരം ആദിവാസി കുടുംബങ്ങൾക്ക് കൈവശരേഖ നൽകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു.. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനുള്ള ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ യോജിച്ച് പ്രവർത്തിക്കണം. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് കുടിശ്ശിക വരുത്തിയിരുന്ന മുഴുവൻ വിദ്യാഭ്യാസാനുകൂല്യങ്ങളും ഈ ഗവണ്മെന്റിന് ഒരു വർഷംകൊണ്ട് കൊടുത്തുതീർക്കാൻ സാധിച്ചു. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ കുട്ടികളുടെ ആനുകൂല്യങ്ങൾ വീണ്ടും വർദ്ധിപ്പിക്കാനും വൃത്തിഹീനമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന ട്രൈബൽ ഹോസ്റ്റലുകൾ നവീകരിക്കാനും നടപടി സ്വീകരിക്കണം. 45 പട്ടികവർഗ്ഗ ഹോസ്റ്റലുകൾ നവീകരിക്കാനായി ഈ ഗവണ്മെന്റ് അധികാരത്തിൽ വന്ന് ഒരു വർഷത്തിനകം 1,65,00,000 രൂപ അനുവദിക്കുകയും പട്ടികജാതിക്കാരുടെ 34 ഹോസ്റ്റലുകളുടെ പണി നടത്തിക്കൊണ്ടിരിക്കുക യുമാണ്. ഐ.ടി.ഐ. കളിൽ പ്രത്യേക ബാച്ചുകളും കോഴ്സുകളും നടപ്പാക്കാൻ ഈ ഗവണ്മെന്റ് മുന്നോട്ടുവന്നത് സ്വാഗതാർഹമാണ്. ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായി യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് പണി പൂർത്തിയാക്കാതെ കിടന്ന വീടുകളുടെ പണി

പൂർത്തീകരിക്കാൻ എസ്.സി.പി. ഫണ്ടിൽ നിന്ന് 25 കോടി രൂപ അനുവദിക്കുകയും ആദിവാസികളുടെയും പട്ടികജാതി/പട്ടികവർഗ്ഗ ക്കാരുടെയും ഭവനനിർമ്മാണത്തിനായുള്ള തുക ഇടത്തട്ടുകാർ കൊണ്ടുപോകരുതെന്ന ഉദ്ദേശത്തോടുകൂടി അവയുടെ നിർമ്മാണച്ചുമതല ഗവണ്മെന്റ് ഏജൻസികളെ ഏൽപ്പിക്കുകയും ചെയ്ത നടപടി സ്വാഗതാർഹമാണ്. പാലക്കാട്ടും വയനാടും കോടിക്കണക്കിന് രൂപ ചെലവഴിച്ച് യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ആദിവാസികൾക്കായി പണി കഴിപ്പിച്ച ആശുപത്രി കെട്ടിടങ്ങൾ ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പിന് കൈമാറാനും പുതിയ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്ത് ഓണത്തിനു മുമ്പ് അവയുടെ പ്രവർത്തനം ആരംഭിക്കാനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. അവശത അനുഭവിക്കുന്ന ആദിവാസികളുടെ ചികിൽസാ ചെലവിനായി ഒരു കോടി രൂപ കൊടുക്കുകയും ഈ വർഷം 4 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തു. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ മൂവായിരത്തിൽ ചില്വാനം പുതിയ അംഗൻവാടികൾ അനുവദിക്കുകയും അവയിൽ ആറ് മാസം പണിയെടുത്ത മുഴുവൻപേരേയും വീണ്ടും നിയമിക്കാനുള്ള ഉത്തരവിറക്കുകയും ചെയ്ത ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മന്റിന്റെ നടപടിയെ അഭിനന്ദിക്കുന്നു.

**ശ്രീ. വി.ഡി. സതീശൻ:** ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 2001-ൽ യു.ഡി.എഫ്. ഗവണ്മെന്റ് അധികാരമേൽക്കുമ്പോൾ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് ഒരു ദിവസം 3.50 കോടി രൂപയുടെ നഷ്ടമുണ്ടായിരുന്ന സ്ഥാനത്ത് 2005-06-ൽ യു.ഡി.എഫ്. ഗവണ്മെന്റിന്റെ

അഞ്ച് വർഷക്കാലത്തെ ഭരണം കഴിഞ്ഞപ്പോൾ ബോർഡ് 184 കോടി രൂപയുടെ ലാഭത്തിലായി. ബോർഡിന് നല്ല സാമ്പത്തിക ഭദ്രതയുണ്ടാക്കിയിട്ടാണ് യു.ഡി.എഫ്. ഗവണ്മെന്റ് അധികാരം വിട്ടൊഴിഞ്ഞത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷമുള്ള ഒരു വർഷത്തെ പ്രവർത്തനങ്ങളാണ് ബോർഡിനെ ഫിനാൻഷ്യൽ ലോസ്സിലേയ്ക്ക് നയിക്കാനിടയാക്കിയത്. 5 ലക്ഷം ഇലക്ട്രിസിറ്റി കണക്ഷനുകൾ കൊടുക്കുമെന്ന് പ്രഖ്യാപിച്ച ഗവണ്മെന്റിന് നാലര ലക്ഷത്തിൽപ്പരം കണക്ഷൻ മാത്രമാണ് കൊടുക്കാൻ കഴിഞ്ഞത്. റവന്യൂ ലോസ് ഉണ്ടാകാനുള്ള പ്രധാനപ്പെട്ട കാരണമായ 4 ലക്ഷം ഫാൾട്ടി മീറ്ററുകളിൽ രണ്ട് ലക്ഷം മാത്രമാണ് മാറ്റിവച്ചത്. കുടിശ്ശിക കളക്ഷന്റെ കാര്യത്തിൽ ഇലക്ട്രിസിറ്റി ബോർഡ് പരാജയപ്പെട്ടു. ജനറേഷൻ, ഡിസ്ട്രിബ്യൂഷൻ എന്നിവയ്ക്കായി അലോട്ട് ചെയ്ത ബഡ്ജറ്റ് പ്രൊവിഷൻ പകുതി പോലും ചെലവാക്കാൻ സാധിച്ചിട്ടില്ല. ഉപഭോഗം വർദ്ധിച്ചിട്ട് അതിനാനുപാതികമായി റവന്യൂ വരുമാനം വർദ്ധിക്കാത്തതിന്റെ കാരണം പരിശോധിക്കാനും ഇലക്ട്രിസിറ്റി ബോർഡിന്റെ സ്ട്രക്ച്ചർ പുന:സ്ഥാപിക്കാനും നടപടി സ്വീകരിക്കണം. ബോർഡിൽ ചെയർമാനും ഒരു മെമ്പറും മാത്രമേ ഇപ്പോഴുള്ളൂ. ഫുൾ ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാൻ നടപടി സ്വീകരിക്കണം. എച്ച്.ഐ.സി. ഇൻഷിപ് എന്ന ചൈനീസ് കമ്പനിയുമായി ചേർന്ന് ചെറുകിട ജല വൈദ്യുതപദ്ധതി നടപ്പിലാക്കുമ്പോൾ ടെണ്ടർ വിളിച്ച് നടപടികൾ സുതാര്യമാക്കി മുന്നോട്ടുപോകണം. ഇലക്ട്രിസിറ്റി ബോർഡിനെ കമ്പനിവൽക്കരിക്കാനുള്ള ശ്രമത്തിൽ നിന്ന് മാറി ഒരു ഏക സ്ഥാപനമായി നിലനിർത്താനുള്ള നടപടി സ്വീകരിക്കണം. ഇലക്ട്രിസിറ്റി ബോർഡിൽ

അനധികൃതമായി നടക്കുന്ന സ്ഥലം മാറ്റത്തിന്റെ കാര്യത്തിൽ പരിശോധന നടത്തണം. ബോർഡിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കണം. ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് ഇലക്ട്രിസിറ്റി ബോർഡ് കൊടുത്തിരിക്കുന്ന പ്രൊപ്പോസലുകൾ നടപ്പിലാക്കിയാൽ കേരളത്തിലെ മുഴുവൻ വ്യവസായ സ്ഥാപനങ്ങളും അടച്ചുപൂട്ടേണ്ട സ്ഥിതി വരുമെന്നുള്ളതിനാൽ അതിനെക്കുറിച്ച് പരിശോധിക്കണം. പട്ടിജാതി/പട്ടികവർഗ്ഗ വിഭാഗത്തിനായി ചെലവാക്കുന്ന പണം അർഹതപ്പെട്ടവർക്ക് ലഭിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കണം. ഭവന നിർമ്മാണത്തിനായി ഗവണ്മെന്റ് ഏജൻസികൾക്ക് തുക അലോട്ട് ചെയ്യുന്ന നടപടി പുന:പരിശോധിക്കണം.

<u>**ശ്രീമതി കെ.കെ. ശൈലജ ടീച്ചർ:**</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കാനായി ഊർജ്ജ വകുപ്പുമന്ത്രി നടത്തുന്ന ശ്രമങ്ങളെ അഭിനന്ദിക്കുന്നു. ഊർജ്ജമേഖല സ്വകാര്യ കമ്പനികളെ ഏൽപ്പിക്കാനുള്ള രാഷ്ട്രീയ നീക്കത്തിന്റെ ഭാഗമായി 2003-ൽ വൈദ്യുതി ബിൽ ചർച്ച കൂടാതെ പാർലമെന്റ് പാസ്സാക്കിയപ്പോൾ രാഷ്ട്രീയത്തിന്റെ പേരിൽ അതിനെതിരെ പ്രതികരിക്കാതെ നിന്നവരാണ് യു.ഡി.എഫ്. എന്ന കാര്യം വിസ്മരിക്കരുത്. ഇലക്ട്രിസിറ്റി ബോർഡിനെ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്രത്തിന്റെ നീക്കങ്ങളെ എതിർക്കാൻ പ്രതിപക്ഷത്തിന്റെ സഹകരണം ആവശ്യമാണ്. ഐക്യജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ കാലത്ത് കമ്മി കുറച്ച് കാണിച്ചതുകൊണ്ടാണ് കെ.എസ്.ഇ.ബി.-യെ ലാഭത്തിലാക്കി എന്നു പറയുന്നത്. 5 വർഷംകൊണ്ട് സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ലക്ഷ്യത്തിലേയ്ക്ക് നീങ്ങുന്നതിനുള്ള

ശ്രമമാണ് ഈ ഗവൺമെന്റ് നടത്തുന്നത്. അതിന്റെ ഭാഗമായി ഡിസംബർ 6 മുതൽ  പള്ളിവാസൽ പദ്ധതിയുടെ പ്രവർത്തനം തുടങ്ങുകയും 22 സബ്സ്റ്റേഷനുകൾ ആരംഭിക്കുകയും ചെയ്തു.  ഒരു വർഷംകൊണ്ട് അഞ്ച് 110 കെ.വി. സബ്സ്റ്റേഷനുകളും പതിനാല്  33 കെ.വി. സബ്സ്റ്റേഷനുകളും തുടങ്ങുകയും  നാല് ലക്ഷത്തിലേറെ പുതിയ കണക്ഷനുകൾ കൊടുക്കുകയും 17 സെക്ഷൻ ഓഫീസുകൾ   ആരംഭിക്കുകയും ചെയ്തു.   യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്  സ്വകാര്യ ഏജൻസികൾക്ക് കൊടുക്കാൻ തീരുമാനിച്ചിരുന്ന  438 കോടി രൂപയുടെ ആർ.ജി.ജി.വൈ പദ്ധതി  എൻ.ടി.പി.സി.യെ  ഏല്പിക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളായ ട്രാക്കോ കേബിൾസിനും കെല്ലിനും  ഓർഡർ കൊടുക്കുകവഴി  മീറ്ററുകളുടേയും ട്രാൻസ്ഫോർമറുകളുടേയും മെറ്റീരിയൽസിന്റേയും മറ്റും ക്ഷാമം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.  ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പേരാവൂർ നിയോജകമണ്ഡലത്തിൽ 110 കെ.വി. സബ്സ്റ്റേഷൻ അനുവദിക്കുകയും അതിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്.  കായംകുളം താപവൈദ്യുത നിലയം യാഥാർത്ഥ്യമാക്കിയത് ഈ ഗവൺമെന്റാണ്.  2557 ആദിവാസി കുടുംബങ്ങൾക്ക്  ഒരേക്കർവീതം ഭൂമി ആറളം ഫാമിൽ കൊടുക്കുന്നതിന് തീരുമാനിക്കുകയും 840 പേർക്ക് കൊടുക്കുകയും ചെയ്തു.  വീട്, വൈദ്യുതി, സ്കൂൾ എന്നിവയുൾപ്പെടെയുള്ള ട്രൈബൽ റീഹാബിലിറ്റേഷൻ പ്രോജക്ടിന്റെ ഒരു മോഡൽ യൂണിറ്റായി ആറളം ഫാമിനെ  വളർത്തിയെടുക്കണം.  ആദിവാസികളുടെയും പിന്നോക്ക വിഭാഗങ്ങളുടെയും  സാമൂഹ്യ

പിന്നോക്കാവസ്ഥ പഠിക്കുന്നതിനായി ഒരു സർവ്വേ നടത്തുന്നതിനും ഒ.ബി.സി. ക്രീമിലെയർ വിഭാഗത്തിൽപ്പെട്ടവരെ മാറ്റിനിർത്തി അർഹതപ്പെട്ട വർക്ക് പൂർണ്ണമായി ആനുകൂല്യം ലഭിക്കത്തക്ക വിധത്തിൽ കണക്കെടുപ്പ് നടത്താനും തയ്യാറാകണം. മിശ്രവിവാഹിതരുടെ മക്കൾക്ക് അമ്മമാരുടെ ജാതി പാടില്ലായെന്ന് കോടതിവിധിയുള്ളതുകൊണ്ട് ആദിവാസികളുടെ ആനുകൂല്യം ലഭിക്കത്തക്ക വിധത്തിൽ നിയമം മാറ്റുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. എസ്.സി./എസ്.ടി. വിഭാഗത്തിനുള്ള വിവാഹ ധനസഹായവും മാരകരോഗങ്ങൾക്കുള്ള ചികിത്സാ ധനസഹായവും വർദ്ധിപ്പിക്കണം. കുടുംബി, പെരുവണ്ണാൻ സമുദായങ്ങളെ എസ്.സി. പട്ടികയിലുൾപ്പെടുത്തണമെന്ന ദീർഘനാളായുള്ള ആവശ്യം പരിഗണിക്കണം. പ്രതിപക്ഷത്തിന്റെ സഹകരണത്തോടുകൂടി ഉയർന്ന സാങ്കേതിക വിദ്യയുള്ള ചൈനീസ് കമ്പനിയുടെ 14 ചെറുകിട ജലവൈദ്യുത പദ്ധതികൾ സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനുള്ള സാഹചര്യമൊരുക്കണം.

**ശ്രീ. എൻ. രാജൻ:** ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ, ട്രൈബൽ സബ് പ്ലാൻ തുടങ്ങി വിവിധ ഇനങ്ങളിലായി കോടിക്കണക്കിന് രൂപ സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിലേയ്ക്ക് എത്തുന്നുണ്ടെങ്കിലും അവ ഫലപ്രദമായി ചെലവഴിക്കപ്പെടുന്നില്ല. കഴിഞ്ഞ 5 വർഷം വിവിധ തലങ്ങളിൽ ബിനാമി പ്രോജക്ടുകൾ വച്ച് കോടിക്കണക്കിന് രൂപ അട്ടിമറിച്ചതായി എ.ജി.യുടെ റിപ്പോർട്ടുകൾ പരിശോധിച്ചാൽ കാണാൻ കഴിയും. കഴിഞ്ഞവർഷം 5000 വീടുകൾ സംസ്ഥാന ഭവനനിർമ്മാണ ബോർഡും നിർമ്മിതി കേന്ദ്രവും ചേർന്ന് നിർമ്മിച്ചുവെങ്കിലും ഗുണഭോക്താക്കളുടെ സെലക്ഷൻ സംബന്ധിച്ച് ധാരാളം

ആക്ഷേപങ്ങൾ ഉയർന്നുവരികയുണ്ടായി. വീടൊന്നിന് 70,000 രൂപവീതം കൊടുക്കുന്ന ഈ സ്കീമിലെ ഉപഭോക്താക്കളുടെ സെലക്ഷൻ ജില്ലാ ഉപദേശക സമിതികൾ വഴി നടത്തണം. പട്ടികജാതി/ പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ഭൂമി വാങ്ങുന്നതിനുള്ള സഹായം ലഭിക്കാനുള്ള അപേക്ഷ യിൽ അപേക്ഷകൻ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമാ ണോയെന്ന് ചോദിച്ചിട്ടുള്ള ആ ഭാഗം മാറ്റണം. കിർത്താഡ്സിന്റെ പ്രവർത്തനം ഫലപ്രദമായി നടത്തുന്നതിനുള്ള ശ്രമമുണ്ടാകണം. ഈ ഗവൺമെന്റ് 40 കോടിയോളം രൂപയുടെ വിദ്യാഭ്യാസാനുകൂല്യ കുടിശ്ശിക കൊടുത്തുതീർക്കുകയും ഹോസ്റ്റൽ അലവൻസും മെസ്സ് അലവൻസും വർദ്ധിപ്പിക്കുകയും ചെയ്തു. സർക്കാർ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടി കൾക്കുള്ള മുഴുവൻ ആനുകൂല്യങ്ങളും കൊടുക്കണം. കേന്ദ്രവിഹിതം വെട്ടിക്കുറയ്ക്കുകയും ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷൻ തടസ്സവാദങ്ങളു ന്നയിക്കുകയും ചെയ്യുന്നുണ്ടെങ്കിലും വൈദ്യുതിയുടെ കാര്യത്തിൽ അടുത്ത 5 വർഷംകൊണ്ട് കേരളത്തെ സ്വയംപര്യാപ്തതയിലെത്തിക്കുന്നതിനും ഒരു മിച്ച സംസ്ഥാനമാക്കുന്നതിനുമുള്ള കർമ്മ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടി രിക്കുകയാണ്. ഉല്പാദനശേഷിയേക്കാൾ കൂടുതൽ ഉപഭോഗം വരുന്ന കേരളത്തിൽ വൈദ്യുതിയുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഗുജറാത്തിൽ നിന്നും കൽക്കരി കൊണ്ടുവന്ന് 1000 മെഗാവാട്ട് വൈദ്യുതി വരെ ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. കാറ്റിൽ നിന്നും 850--ഓളം മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ ശേഷി യുള്ള പദ്ധതി ഈ വർഷം പൂർത്തീകരിക്കുന്നതിനുള്ള നടപടിയുണ്ടായത്

അഭിനന്ദനാർഹമാണ്. പഴയ പവർ പ്രോജക്ടുകൾ നവീകരിക്കുന്നതിനും എക്സ്റ്റൻഷൻ സ്കീമുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ദീർഘവീക്ഷണത്തോടുകൂടി വൈദ്യുതിയുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിനും നടപടിയുണ്ടാകണം. കഴിഞ്ഞ ഒരു വർഷത്തെ വൈദ്യുതി വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന്റെ ഫലമായി ലോഡ്ഷെഡ്ഡിംഗും പവർക്കട്ടും ഒഴിവാക്കാൻ കഴിഞ്ഞു.

<u>**ശ്രീ. കെ.വി. കുഞ്ഞിരാമൻ**</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വൈദ്യുതി ഉല്പാദനത്തിന്റെയും വിതരണത്തിന്റെയും കാര്യത്തിൽ അഭിമാനകരമായ നേട്ടങ്ങളുണ്ടാക്കുന്നതിന് വൈദ്യുതി വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ വൈദ്യുതി മേഖലയെ കൃത്യമായി നിരീക്ഷിക്കുന്നതിനും ഗവൺമെന്റിന്റെ ഉത്തരവാദിത്വം ഫലപ്രദമായി നിർവ്വഹിക്കുന്നതിനും വേണ്ടി വളരെ ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ളത്. കേന്ദ്രവിഹിതം വെട്ടിക്കുറച്ചതും റഗുലേറ്ററി കമ്മീഷന്റെ തടസ്സവാദങ്ങളും കേരളത്തിലെ വൈദ്യുതി രംഗത്തെ പ്രതിസന്ധിയിലാക്കി. എന്നാൽ എല്ലാ പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ കഴിയുന്ന ആർ.ജി.ജി.വൈ സ്കീം ഒന്നോ രണ്ടോ വർഷംകൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്ന വിധത്തിൽ നാഷണൽ തെർമൽ പവർ കോർപ്പറേഷനുമായി കരാറുണ്ടാക്കുന്നതിന് ഈ ഗവൺമെന്റിന് സാധിച്ചു. കൽക്കരി ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി വാങ്ങാൻ കഴിഞ്ഞു. വരുന്ന 5 വർഷംകൊണ്ട് 500 മെഗാവാട്ട് വൈദ്യുതി കൂടുതൽ ഉല്പാദിപ്പിച്ചുനൽകാനാവശ്യമായ സംവിധാനങ്ങളുണ്ടാക്കാൻ കഴിഞ്ഞു.

ഗവൺമെന്റിന്റെ ആത്മാർത്ഥമായ ശ്രമംകൊണ്ട് വളരെയധികം വ്യവസായ ങ്ങൾ തുറന്നുപ്രവർത്തിക്കാൻ സാധിച്ചു.കേരളത്തിലെ ആകെ ജനസംഖ്യയിൽ പട്ടികജാതി വിഭാഗം 9.18 ശതമാനവും പട്ടികവർഗ്ഗ വിഭാഗം 1.14 ശതമാനവുമാണുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അവർക്കുവേണ്ടി ആവിഷ്ക്കിരിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്ത അവസ്ഥയാണുണ്ടായിരുന്നത്. ആദിവാസികൾക്ക് അർഹതപ്പെട്ട ഭൂമിപോലും വിതരണം ചെയ്തിരുന്നില്ല. എന്നാൽ ഈ ഗവൺമെന്റ് രണ്ടായിരത്തിൽപ്പരം ഏക്കർ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്തു. എസ്.സി/എസ്.ടി പ്രൊഫഷണൽ രംഗത്തെ പരീക്ഷകൾ എഴുതാനുള്ള പരിശീലനം കൊടുക്കുന്ന പദ്ധതി ആരംഭിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഒരു വർഷത്തിനിടയിൽ ഉദുമ നിയോജകമണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുവേണ്ടി രണ്ട് ഹോസ്റ്റൽ നിർമ്മിച്ചു. ഹരിജനങ്ങളുടെ കുട്ടികളുടെ ഉന്നമനത്തിനാവശ്യമായ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നു. ആ സ്കൂളുകളിലൊക്കെ എസ്.എസ്.എൽ.സി-ക്കും ഹയർ സെക്കന്ററി പരീക്ഷയ്ക്കും അഭിമാനകരമായ റിസൽറ്റുണ്ടാക്കാൻ സാധിച്ചു. ഒരു പ്രീ സ്കൂൾ സിസ്റ്റം എന്ന നിലയിൽ അംഗൻവാടികളെ ശക്തിപ്പെടുത്താൻ ആവശ്യമായ നടപടിയുണ്ടാകണം.

<u>ശ്രീ. കെ.സി. ജോസഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആറളം ഫാമിലേയും ആലക്കോട് ഫാമിലേയും ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യാൻ ഇനിയും സാധിച്ചിട്ടില്ല. കഴിഞ്ഞ സാമ്പത്തിക വർഷം

എസ്.സി/എസ്.ടി വകുപ്പിന്റെ അലോക്കേഷൻ 710 കോടിരൂപയാണ് അതിന്റെ 67 ശതമാനം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയെങ്കിലും പകുതിയിലേറെ തുക ലാപ്സാകുകയാണുണ്ടായത്. സെൻട്രലീ സ്പോൺസേർഡ് സ്കീമിനുവേണ്ടി 21.5 കോടി രൂപ അനുവദിച്ചതിൽ വെറും 41 ലക്ഷം രൂപമാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. എസ്.സി/എസ്.ടി വിഭാഗക്കാരുടെ ക്ഷേമത്തിനുവേണ്ടി മാത്രമായി ഒരു മന്ത്രി വേണം. 2006 ജൂൺ 16-ാം തീയതിയിലെ നയപ്രഖ്യാപന പ്രസംഗത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്കെല്ലാം സൗജന്യ വൈദ്യുതി നൽകുമെന്നും ആവശ്യപ്പെടുന്നവർക്കെല്ലാം വൈദ്യുതി കണക്ഷൻ നൽകുമെന്നുമാണ് പ്രഖ്യാപിച്ചിരുന്നത് 2001-ൽ യു.ഡി.എഫ് അധികാരത്തിൽ വരുമ്പോൾ കെ.എസ്.ഇ.ബി-യുടെ റവന്യൂ ഗ്യാപ്പ് 1286 കോടി രൂപയായിരുന്നു. 2006-ൽ യു.ഡി.എഫ് അധികാരം വിട്ടൊഴിയുമ്പോൾ കെ.എസ്.ഇ.ബി. 184 കോടി രൂപ ലാഭത്തിലായി. യുഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ട്രാൻസ്മിഷൻ ആന്റ് ഡിസ്ട്രിബ്യൂഷൻ ലോസ് 32 ശതമാനത്തിൽ നിന്നും 24 ശതമാനമായി കുറച്ചതിന്റെ ഫലമായി 300 മെഗാവാട്ട് വൈദ്യുതി സേവ് ചെയ്യാൻ സാധിച്ചു. മാത്രമല്ല ചരിത്രത്തിൽ ആദ്യമായി ആ കാലഘട്ടത്തിൽ വൈദ്യുതി കണക്ഷന് യൂണിറ്റിന് 20 പൈസ കുറച്ചു. ജലനിധിയടക്കമുള്ള ഗ്രാമീണ പദ്ധതികൾക്കുവേണ്ടിയുള്ള വൈദ്യുതിയുടെ റേറ്റ് കുറച്ചു. 20 യൂണിറ്റിനു താഴെ ഉപഭോഗമുള്ള ബി.പി.എൽ കാർക്ക് 20 ശതമാനം സൗജന്യം നൽകി. ഇത്രയും ആനുകൂല്യങ്ങൾ കൊടുത്തിട്ടും റവന്യൂ കമ്മി കുറയ്ക്കാൻ സാധിച്ചുവെന്നുള്ളത് ശ്രദ്ധേയമായ കാര്യമാണ്.. ഗ്രാമീണ വൈദ്യുതി പദ്ധതി നടപ്പാക്കിയതിന്റെ ക്രെഡിറ്റ് കേന്ദ്ര ഗവൺമെന്റിനുള്ളതാണ്. കാരണം 90 ശതമാനം കേന്ദ്ര സഹായം കിട്ടിയ പദ്ധതിയാണത്. എ.പി.ഡി.ആർ.പി മൂന്ന്

ജില്ലകളിൽ നടപ്പിലാക്കിയതും കഴിഞ്ഞ ഗവൺമെന്റാണ്. അതിന്റെ ഫലമായിട്ടാണ് 2003-2004-ൽ 64 കോടി 90 ലക്ഷം രൂപ ഇൻസെന്റീവ് നമുക്ക് കിട്ടിയത്. പതിനൊന്നാം പദ്ധതിയിൽപ്പെടുത്തി കുറ്റ്യാടി ജലവൈദ്യുത പദ്ധതി നേര്യമംഗലം, ലോവർ മീൻമുട്ടി, കുറ്റ്യാടി ഡൈവേർഷൻ, അഴുത എന്നീ ജലവൈദ്യുത പദ്ധതികൾ ആരംഭിച്ചത് യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്താണ്. മലബാർ ക്യാൻസർ സെന്റർ ക്യാൻസർ രോഗികളുടെ ആശാകേന്ദ്രമാണ്. എസ്.എൻ.സി ലാവ്ലിൻ കേസിൽ സി.ബി.ഐ അന്വേഷണം വേണ്ടയെന്ന ഗവൺമെന്റിന്റെ നിലപാട് ശരിയല്ല.

**പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ)</u>**: ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ എല്ലാ കാര്യങ്ങളും ഗവൺമെന്റിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് സഹായകരമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ ഒരു ശാപമെന്നുപറയുന്നത് പണം കൃത്യസമയത്ത് ചെലവഴിക്കാൻ കഴിയുന്നില്ലെന്നുള്ളതാണ്. കേന്ദ്ര വിഹിതം ലഭിച്ചാൽ വർഷങ്ങൾ കഴിഞ്ഞാലും വിനിയോഗിക്കാൻ കഴിയില്ലയെന്നുള്ളതാണ് ഇപ്പോഴുള്ള ബുദ്ധിമുട്ട്. ഈ ദുരവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി ഭരണ തലത്തിൽ ശക്തമായ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഓരോ ആഴ്ചയും പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരുടേയും ഡയറക്ടറുടേയും ഒരു സംയുക്ത യോഗം വിളിച്ചുചേർക്കാറുണ്ട്. ജില്ലാ അടിസ്ഥാനത്തിൽ രണ്ട് പ്രാവശ്യം റിവ്യു നടത്തി. പട്ടികജാതി/ പട്ടികവർഗ്ഗ വികസന ബോർഡിന്റെ റിവ്യു മാത്രമല്ല, ഈ വകുപ്പ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന പണം എങ്ങനെ വിനിയോഗിക്കുന്നുവെന്നതിനെക്കുറിച്ചും റിവ്യു നടത്തി. അതിന്റെ ഫലമായി

പദ്ധതി വിഹിതത്തിൽ വൻപിച്ച മാറ്റമുണ്ടാക്കാൻ കഴിഞ്ഞു. കഴിഞ്ഞ വർഷം 85.98 ശതമാനം വിഹിതം പട്ടികജാതി വകുപ്പിൽ ചെലവാക്കാൻ കഴിഞ്ഞു.. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ഇത് ശരാശരി 76.47 ശതമാനമായിരുന്നു. അതായത് ഒൻപത് ശതമാനത്തിന്റെ വർദ്ധനവുണ്ടായി. അഡീഷണൽ സെൻട്രൽ അസ്സിസ്റ്റൻസ് കിട്ടിയത് ചെലവാക്കാതെ ലാപ്സാകുന്ന സാഹചര്യമുണ്ടായിരുന്നു.. സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ് ടി.എസ്.പി., എസ്.സി..പി ഫണ്ട് 90 ശതമാനവും ചെലവഴിക്കാൻ കഴിഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ച് പണി മുടങ്ങിക്കിടന്ന 8548 വീടുകൾ ഇപ്പോൾ പൂർത്തിയാക്കാൻ 25.25 കോടി രൂപ അനുവദിച്ചു. അതിൽ 4068 വീടുകൾ ഇപ്പോൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന വീടുകളുടെ പണി നടന്നുകൊണ്ടിരിക്കുന്നു. ഇതിനായി രണ്ട് ഏജൻസിയെ ഏൽപ്പിച്ചു. രണ്ട് ഏജൻസികളും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ചില്ലെങ്കിൽ 12 ശതമാനം പലിശ നൽകി ഗവൺമെന്റിന്റെ ഫണ്ട് തിരിച്ചു നൽകുന്നതായിരിക്കുമെന്ന രീതിയിൽ എം.ഒ.യു. ഒപ്പിട്ട് പണി നടന്നുകൊണ്ടിരിക്കുകയാണ്. എന്തായാലും ആറ് മാസത്തിനുള്ളിൽ പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളാണ് ബെനിഫിഷ്യറീസിനെ തെരഞ്ഞെടുക്കേണ്ടത്.. 10 ശതമാനം അഡ്വാൻസ് ബെനിഫിഷ്യറീസിന് കൊടുക്കാൻ വേണ്ടി 51 കോടി രൂപയുടെ എ.എസ് കൊടുത്തു. പട്ടികജാതിക്കാരായ 1144 ഭൂരഹിത കൂടുംബങ്ങൾക്ക് വീട് പണിയാൻ ഭൂമി വാങ്ങിക്കൊടുത്തു. ഇവർക്ക് കൊടുക്കാനുണ്ടായിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ ഏറെക്കുറെ കൊടുത്തുതീർക്കാൻ കഴിഞ്ഞിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ

വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നവീകരണത്തിനായി തുക അനുവദിച്ചു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിച്ചു. സ്വകാര്യ സ്വാശ്രയ മാനേജുമെന്റ് നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എൻട്രൻസ് എക്സാമിനേഷൻ കമ്മീഷണറുടെ ലിസ്റ്റിൽ നിന്ന് മെറിറ്റിലും സംവരണത്തിലും പഠിക്കുന്ന ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം കൊടുക്കുന്നതാണ്. 8 ഐ.ടി.സി.കൾ മോഡൽ റസിഡൻഷ്യൽ ഐ.ടി.സി.കൾ ആക്കാൻ തീരുമാനിച്ചു. പത്തൊമ്പതിനായിരത്തിൽപ്പരം പേർക്ക് ചികിൽസാസഹായം നൽകി. പട്ടികവർഗ്ഗ വകുപ്പുമായി ബന്ധപ്പെട്ട് ഈ വർഷം ബഡ്ജറ്റ് വിഹിതത്തിലെ 91.42 ശതമാനം തുക ചെലവഴിക്കാൻ സാധിച്ചു. 116 എസ്.ടി. വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ എൻട്രൻസ് പരീക്ഷയ്ക്കുള്ള സ്പെഷ്യൽ കോച്ചിംഗ് നൽകി. എസ്.ടി. വിഭാഗക്കാർക്ക് എം.ബി.ബി.എസ്. പ്രവേശനത്തിന് 40 ശതമാനം മാർക്ക് വേണമെന്ന മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ നിബന്ധനയിൽ ഇളവ് വരുത്തണമെന്ന ആവശ്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ആദിവാസികൾക്കായി 1111 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ഭൂമിയില്ലാത്ത ആദിവാസികൾക്ക് 3238.59 ഏക്കർ ഭൂമിയുടെ കൈവശരേഖ കൊടുത്തിട്ടുണ്ട്. ആറളം ഫാമിലെ 117 ആദിവാസി കുടുംബങ്ങൾക്ക് ഭൂമി കൊടുക്കുന്ന കാര്യം സെപ്റ്റംബർ മാസത്തിൽ പൂർത്തിയാകും. എറണാകുളത്ത് ട്രൈബൽ കോംപ്ളക്സ് തുടങ്ങാൻ 1.14 ഏക്കർ സ്ഥലം ലഭ്യമായിട്ടുണ്ട്. 4.13 കോടി രൂപ ചെലവിൽ 68 പട്ടിക വിഭാഗ കോളനികൾ വൈദ്യുതീകരിച്ചു. ഈയിനത്തിൽ കേന്ദ്രസഹായമായി ലഭിച്ച തുക മുഴുവനും ഈ വർഷത്തെ പദ്ധതികൾക്കായി ചെലവഴിക്കാൻ സാധിക്കും.

പട്ടികജാതി കോളനികളിൽ 15 കോടി രൂപയുടെ കുടിവെള്ള പദ്ധതിക്ക് എ.എസ്. നൽകിയിട്ടുണ്ട്. കുഴൽമന്ദം, ചേലക്കര എന്നിവിടങ്ങളിൽ രണ്ട് പുതിയ മോഡൽ റെസിഡൻഷ്യൽ സ്ക്കൂളുകൾ സി.ബി.എസ്.ഇ. സിലബസിൽ തുടങ്ങാനുദ്ദേശിക്കുന്നു. പയ്യന്നൂരിൽ ചെറുതാഴത്ത് ഒരു ഫാർമസി കോളേജ് സ്ഥാപിക്കും. കോട്ടയത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന ട്രൈബൽ വിദ്യാർത്ഥികളുടെ നഴ്സിംഗ് സ്കൂളിനായി രണ്ട് കോടി രൂപ നീക്കിവച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം വർദ്ധിപ്പിക്കുന്ന കാര്യം ധനകാര്യ വകുപ്പുമായി ആലോചിക്കുന്നതാണ്. പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സുരക്ഷാ പദ്ധതിക്കുവേണ്ടി 10 കോടി രൂപ ഈ വർഷം ചെലവാക്കും. പട്ടികവർഗ്ഗക്കാർക്കുള്ള ഭവന പദ്ധതിക്കു വേണ്ടി 4 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഈ വർഷം 4000 വീടുകൾ പണിയാനുദ്ദേശിക്കുന്നു. പ്രീമെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഫർണീച്ചറിനുമായി ഒന്നരക്കോടി രൂപ നീക്കിവച്ചിട്ടുണ്ട്. നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള ഡീറ്റയിൽഡ് എസ്റ്റിമേറ്റ് പി.ഡബ്ളിയു.ഡി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്. അട്ടപ്പാടി ഫാമിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടേയും മാനന്തവാടി പ്രിയദർശിനി എസ്റ്റേറ്റിന്റേയും പുനരുദ്ധാരണത്തിനായി ഒന്നരക്കോടി രൂപ നീക്കിവച്ചിട്ടുണ്ട്. പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെ പുനരുജ്ജീവനത്തിനായി 20 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഇതിനായി കൂടുതൽ പണം അനുവദിക്കും. ആദിവാസി തൊഴിലവസരങ്ങളുമായി ബന്ധപ്പെട്ട് റബർ കൃഷി ചെയ്യുന്നതിന് ഒരു കോടി രൂപ നീക്കിവച്ചിട്ടുണ്ട്. നേര്യമംഗലം മാതൃകാ ട്രൈബൽ വില്ലേജ് നിർമ്മാണം ഈ വർഷം തന്നെ ആരംഭിക്കും. ആറളം ഫാം ഒരു കമ്പനിയാക്കി അവിടത്തെ ആദിവാസികളെ പുനരധിവസിപ്പിക്കും. കമ്പനിയിൽ നിന്നുള്ള

ലാഭം അവരുടെ ഉന്നമനത്തിനായി വിനിയോഗിക്കും. അട്ടപ്പാടിയിൽ പട്ടികവർഗ്ഗ പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ സ്ഥാപിക്കും. പട്ടികജാതി/പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരണത്തിനുള്ള നിയമനിർമ്മാണം നടത്തുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരുടെ പ്രശ്നങ്ങൾ എടുത്തുകാട്ടിയ ഏറ്റവും നല്ല മാധ്യമപ്രവർത്തകന് 30,000 രൂപയുടെ അവാർഡ് സമ്മാനിച്ചു. ഒ.ബി.സി. വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികൾക്കു വേണ്ടി 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ കോട്ടയം, കോഴിക്കോട്, കണ്ണൂർ യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട് തുടങ്ങാൻ ഉദ്ദേശിക്കുന്നു. പുതിയ 5 വിഭാഗങ്ങളെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി. കുടുംബി, പെരുവണ്ണാൻ തുടങ്ങിയവരെ എസ്.സി. വിഭാഗത്തിൽപ്പെടുത്താനും കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. . ആലക്കോട് 230 ഏക്കർ ഭൂമിയുമായി ബന്ധപ്പെട്ട് കേസുള്ളതിനാൽ ആ ഭൂമി ഐഡന്റിഫൈ ചെയ്ത് സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സാധ്യമല്ല.. ഐ.ടി.സി.കളിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച് ചികിൽസാസഹായം നൽകുന്നുണ്ട്. വൈദ്യുതി രംഗത്ത് പത്ത് വർഷം കൊണ്ട് 2000 മെഗാവാട്ട് ഉൽപ്പാദനം ആണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടംകുളം പദ്ധതിയിൽ നിന്നും വൈദ്യുതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. കഴിഞ്ഞ വർഷം 19 പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിച്ചു. ആർ.ജി.ജി.വൈ. പദ്ധതി മലബാർ മേഖലയിലെ 7 ജില്ലകളിൽ നടപ്പാക്കി. ഇടുക്കിയിലും ഈ പദ്ധതിപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. എല്ലാ നിയോജകമണ്ഡലങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സിറ്റി

ആട്ടോമേഷൻ പദ്ധതി കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ നടപ്പാക്കുന്നതാണ്. പിന്നോക്ക മലയോര പ്രദേശങ്ങളിൽ 33 പുതിയ സെക്ഷൻ ആഫിസുകൾ ആരംഭിച്ചു. 21924 കേസുകളിലായി 18.81 കോടി രൂപയുടെ വൈദ്യുതി മോഷണം പിടിക്കുകയും 15.70 കോടി രൂപ വസൂലാക്കുകയും ചെയ്തു. റവന്യൂ ഗ്യാപ്പ് കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.. പവർ ഇന്റൻസീവ് വ്യവസായ യൂണിറ്റുകൾക്ക് താരിഫിൽ വർദ്ധനവുണ്ടാകണം എന്നത് ഒരു നയപരമായ തീരുമാനമാണ്. ഇത് ഗാർഹിക/ചെറുകിട വ്യവസായികളെ ബാധിക്കുകയില്ല. ശമ്പള പരിഷ്ക്കരണംമൂലം കോടിക്കണക്കിന് രൂപയുടെ അധിക ബാധ്യതയാണ് ഉണ്ടായിട്ടുള്ളത്. അടച്ചുപൂട്ടപ്പെട്ട സ്ഥാപനങ്ങളുടെ മിനിമം ചാർജ് വേവ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ബോർഡിന്റെ നടപടികൾ മൂലം ഒരു വ്യവസായ യൂണിറ്റും ഇതുവരെ അടച്ചുപൂട്ടിയിട്ടില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ കീഴിൽ 5 മീറ്റർ ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തനമാരംഭിച്ചു. ഹൈഡൽ ടൂറിസം രംഗത്ത് പുതിയ സംരംഭങ്ങൾക്ക് തുടക്കം കുറിക്കുവാൻ ഉദ്ദേശിക്കുന്നു. പവർ ഹൈവേ പ്രാവർത്തികമാക്കുന്നതാണ്. പ്രസരണ രംഗത്ത് പുതിയ സബ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്. ആർ.ജി.ജി.വൈ. പദ്ധതി ഈ വർഷം തന്നെ ഏഴ് ജില്ലകളിൽ ആരംഭിക്കും. കുറഞ്ഞത് 5 ലക്ഷം പുതിയ കണക്ഷനുകൾ കൊടുക്കും. വിതരണ രംഗത്ത് 3500 കി.മി. 11 കെ.വി.ലൈൻ, 7500 കി.മി. എൽ.ടി.ലൈൻ, 3500 ട്രാൻസ്ഫോർമറുകൾ എന്നിവ സ്ഥാപിക്കും. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സിറ്റി ആട്ടോമേഷൻ നടപ്പിലാക്കും. ബില്ലിംഗ് കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കും. ഇരുപതിനായിരത്തിലേറെ ഉപഭോക്താക്കളുള്ള സെക്ഷനുകൾ വിഭജിച്ച് പുതിയവ രൂപീകരിക്കും.

സൗജന്യമായി സ്ഥലം ലഭ്യമായാൽ എല്ലാ പഞ്ചായത്തിലും കളക്ഷൻ സെന്ററുകൾ ആരംഭിക്കും. പോസ്റ്റ് ആവശ്യമില്ലാത്ത ഒ.വൈ.ഇ.സി. കണക്ഷൻ 7 ദിവസത്തിനകവും പോസ്റ്റ് ആവശ്യമുള്ളവ ഒരു മാസത്തിനകവും ലഭ്യമാക്കും. പോസ്റ്റ് ആവശ്യമില്ലാത്ത നോർമൽ കണക്ഷൻ മൂന്ന് മാസത്തിനകവും പോസ്റ്റ് ആവശ്യമുള്ളവ 9 മാസത്തിനകവും ലഭ്യമാക്കും. വ്യവസായ കണക്ഷനുകൾക്ക് സർക്കിൾ അടിസ്ഥാനത്തിൽ കേന്ദ്രികൃത സംവിധാനമേർപ്പെടുത്തും. മൂന്നാർ മേഖലയിൽ ഹൈഡൽ മ്യൂസിയം ആരംഭിക്കും. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വൈദ്യുതിച്ചാർജ് കുടിശ്ശികയുടെ പലിശയിൽ ഇളവ് അനുവദിക്കും. സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷന്റെ ഭാഗമായി 465 പഞ്ചായത്തുകളിൽ സമഗ്ര ഊർജ്ജ സർവ്വേയും ജലവിഭവ സർവ്വേയും നടത്തും. കെ.എസ്.ഇ.ബി. യിലെ പെൻഷനേഴ്സിന്റെ പ്രശ്നങ്ങൾ പരിഹരിക്കും. കോഴിക്കോട് അന്താരാഷ്ട്ര നിലവാരത്തിലുള്ള ട്രെയിനിംഗ് സെന്റർ ആരംഭിക്കും. പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറപ്പിക്കുന്നതിന് ഡിമാന്റ് ചാർജ്ജ് ഇളവ് ആറുമാസം കൂടി ദീർഘിപ്പിക്കുകയും പണം അടയ്ക്കുന്നവർക്ക് കണക്ഷൻ നൽകുകയും ചെയ്യും. ഐ.ടി. വ്യവസായങ്ങൾക്കൊപ്പം എസ്.എസ്.ഐ., എൽ.ടി. വ്യവസായങ്ങൾക്കും ഈ ഓർഡർ ബാധകമായിരിക്കും. ഫിക്സഡ് ചാർജ്ജ് ഇളവ് ചെയ്യും. ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. എസ്.എച്ച്.പി. കളുടെ കാര്യത്തിൽ ചൈനീസ് ടെക്നോളജിയായതുകൊണ്ട് ലോക വ്യാപക ടെൻഡർ വിളിക്കാൻ സാധിക്കില്ല. ഈ പദ്ധതി നടപ്പിലാക്കാൻ പ്രതിപക്ഷത്തിന്റെ സഹകരണം ഉണ്ടാകണം. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കഴിഞ്ഞ ഒരു വർഷംകൊണ്ട് സാമൂഹ്യക്ഷേമ രംഗത്ത് ഒട്ടേറെ കാര്യങ്ങൾ നടപ്പാലാക്കാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞവർഷം 2792 അംഗൻവാടികൾ ആരംഭിച്ചിട്ടുണ്ട്. ഈ വർഷം 3590 അംഗൻവാടികൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അംഗൻവാടി കേന്ദ്രങ്ങളെ പ്രീ-പ്രൈമറി സ്ക്കൂളുകളായി ഉയർത്തുന്നതിന്റെ ഭാഗമായി കരിക്കുലം തയ്യാറാക്കിയിട്ടുണ്ട്. അംഗൻവാടി വർക്കർമാർക്ക് പരിശീലനം നൽകാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രായാധിക്യംമൂലം അവശത അനുഭവിക്കുന്ന അംഗനവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഒറ്റത്തവണ വിരമിക്കൽ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി ഒമ്പത് തീരദേശ ജില്ലകളിൽ 305 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആറുമാസമെങ്കിലും പ്രവർത്തി പരിചയമുള്ള വർക്കർമാരെയും ഹെൽപ്പർമാരെയും നിയമിച്ചതിനുശേഷം മാത്രമേ പുതിയ ലിസ്റ്റിൽ നിന്ന് എടുക്കാൻ പാടുള്ളൂവെന്ന് തീരുമാനിച്ചിട്ടുണ്ട്. താൽക്കാലിക അംഗൻവാടി സൂപ്പർവൈസർമാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച് ആലോചിച്ചുവരികയാണ്. സാമൂഹ്യക്ഷേമ പെൻഷനുകൾ ജൂലൈ മാസം വരെ കൊടുക്കാനുള്ള ഫണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തുകഴിഞ്ഞു. വിധവകൾക്ക് ആൺ-പെൺ മക്കൾ വ്യത്യാസമില്ലാതെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. സ്ത്രീകളുടെ ഉന്നമനത്തിനായി വനിതാ വകുപ്പ് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഗാർഹിക പീഡന നിരോധന നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ 31 പ്രൊട്ടക്ഷൻ ആഫീസേഴ്സിനെ നിശ്ചയിച്ച് അവർക്ക്

അതിന്റെ ചുമതല കൊടുത്തിട്ടുണ്ട്. അനാഥരും അരക്ഷിതരുമായ കുട്ടികളെ സംരക്ഷിക്കുന്നതിന് "സനാഥ ബാല്യം" എന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. വനിതാ വികസന കോർപ്പ റേഷൻ മുഖേന ഫിനിഷിംഗ് സ്കൂൾ നടത്താൻ രണ്ട് കോടി രൂപ ഈ വർഷം കൊടുക്കുന്നതാണ്. സ്ത്രീശാക്തീകരണം ഫലപ്രദമാക്കുന്നതിന് 5 കോടി രൂപ ഈ വർഷം നൽകുന്നതാണ്. ആദിവാസി-തീരദേശ മേഖലക ളിൽ ഈ വർഷം ക്രഷുകൾ ആരംഭിക്കാനും കൗമാരപ്രായക്കാർക്ക് പ്രത്യേക കൗൺസിലിംഗ് നടപ്പിലാക്കാനും തീരുമാനിച്ചിട്ടുണ്ട്. ജയിൽ വിമോചിതരാ യവരുടെ കുടുംബത്തെ സഹായിക്കാനായുള്ള പദ്ധതിയെക്കുറിച്ച് സാമൂഹ്യ ക്ഷേമ-ആഭ്യന്തര വകുപ്പുകൾ ആലോചിച്ചുവരുന്നുണ്ട് ജുവനൈൽ ജസ്റ്റിസ് ബോർഡും ചൈൽഡ് വെൽഫെയർ കമ്മിറ്റികളും എല്ലാ ജില്ലയിലും ഉണ്ടാ ക്കുന്നതാണ്. 3 ശതമാനം വികലാംഗ സംവരണം ക്ലാസ് I, ക്ളാസ് II തസ്തികകൾക്ക് കൂടി ബാധകമാക്കാനും നിയമനം പി. എസ്. സി. മുഖേന യാക്കാനും 15-8-1998-നും 15-8-1999-നും ഇടയ്ക്ക് എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ചെയ്തവർക്ക് പുനർ നിയമനം നൽകാനും തീരുമാനിച്ചിട്ടുണ്ട്. കൊല്ലം, പാലക്കാട്, കാസർകോട് ജില്ലകളിൽ 2.57 കോടി രൂപയുടെ ദേശീയ വികലാംഗ പുനരധിവാസ പദ്ധതി ഇക്കൊല്ലം നടപ്പിലാക്കുകയാണ്. ശിശുക്ഷേമ സമിതിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെ ടുത്താൻ ആലോചിച്ചു വരുന്നു. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന ഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയും 24-നെതിരെ 80 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## ക്രമപ്രശ്നം

### സഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ ഓർഡിനൻസ് കൊണ്ടുവരാൻ ആലോചിക്കുന്നതായി വന്ന വാർത്ത

**ശ്രീ. കെ. സി. ജോസഫ്**: സഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ ഓർഡിനൻസ് പുറപ്പെടുവിക്കാൻ പാടില്ലെന്ന വ്യവസ്ഥ മറികടന്ന് സഹകരണവും ദേവസ്വവും വകുപ്പുമന്ത്രി, പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിനായി ഓർഡിനൻസ് കൊണ്ടുവരാൻ സഭ ആലോചിക്കുന്നതായി വാർത്താ സമ്മേളനത്തിൽ പറഞ്ഞത് ശരിയായില്ല. ഇത്തരം പ്രഖ്യാപനങ്ങൾ മന്ത്രിമാർ നടത്തുന്നത് ഓർഡറിലാണോയെന്ന് വ്യക്തമാക്കണം.

**സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ)**: ഗവൺമെന്റ് കോ-ഓപ്പറേറ്റീവ് അക്കാഡമിക് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ കീഴിൽ പരിയാരം കോ-ഓപ്പറേറ്റീവ് മെഡിക്കൽകോളേജിനെ കൊണ്ടുവരുന്നതിന് നിയമനിർമ്മാണം നടത്തുമെന്ന് പറഞ്ഞിട്ടുണ്ട്. ഈ സഭാ സമ്മേളനകാലത്ത് ഒരു ഓർഡിനൻസ് തയ്യാറാക്കുമെന്നോ അവതരിപ്പിക്കുമെന്നോ പറഞ്ഞിട്ടില്ല.

## റൂളിംഗ്

**<u>മി. സ്പീക്കർ</u>**: സഭ നടന്നുകൊണ്ടിരിക്കുമ്പോൾ ഓർഡിനൻസ് കൊണ്ടുവരുമെന്ന് പുറത്തുപറഞ്ഞിട്ടുണ്ടെങ്കിൽ അത് ശരിയായ കീഴ്വഴക്കമല്ല.

സഭ വൈകുന്നേരം 4.05-ന് പിരിഞ്ഞു.

........................